# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.6/2660/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 11/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.6/2660/2023 തീയ്യതി: 11/12/2023

## മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 21-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 15-11-2023 | 21-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2023 | 21-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ദിനേശൻ. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ. മുഹമ്മദ് സിയാദ്. പി. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. അബ്ദുസ്സലാം. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. മുഹമ്മദ് നൗഷാദ്. എ. കെ, ഓഡിറ്റർ

ശ്രീ. ബിജീഷ് മോഹൻ. റ്റി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എ. പി. ജമീല ടീച്ചർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ജെസ്സി വർഗ്ഗീസ്. എം. | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ലളിത. എൻ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 24-10-2022 |
| ശ്രീ. വിനോദ് കുമാർ. ഒ. | അസിസ്റ്റന്റ് സെക്രട്ടറി | 25-10-2022 | 31-03-2023 |
| ശ്രീമതി. സോണി. എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-09-2022 |
| | | 16-10-2022 | 26-10-2022 |
| | | 23-11-2022 | 02-12-2022 |
| | | 18-12-2022 | 22-12-2022 |
| ശ്രീ. റിജീഷ്. കെ. എം. (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനീയർ | 30-09-2022 | 15-10-2022 |
| | | 27-10-2022 | 07-11-2022 |
| ശ്രീമതി. ജമീല മുംതാസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 08-11-2022 | 19-11-2022 |
| ഒഴിവ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-11-2022 | 22-11-2022 |
| ശ്രീമതി. മീര മോൾ (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനീയർ | 03-12-2022 | 17-12-2022 |
| ശ്രീ. സുബീഷ്. സി. എസ്. (അധിക ചുമതല) | അസിസ്റ്റന്റ് എഞ്ചിനീയർ | 23-12-2022 | 31-03-2023 |
| ഡോ. അനിൽകുമാർ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. സവിദ്യ. എം. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി. നിനു രവീന്ദ്രനാഥ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ആനന്ദ് ആർ. കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-01-2023 |
| ഡോ. മധുസൂദനൻ | വെറ്ററിനറി സർജൻ | 01-02-2023 | 31-03-2023 |
| ശ്രീമതി. അനഘ. എ. എ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 26-06-2022 |
| ശ്രീ. മിഥുൻ. ടി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-06-2022 | 03-01-2023 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 04-01-2023 | 09-01-2023 |
| ശ്രീ. നസീം അബ്ദുറഹിമാൻ. വി | ഡയറി ഫാം ഇൻസ്ട്രക്ടർ | 10-01-2023 | 31-03-2023 |
| ശ്രീമതി. അബിനിത എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-01-2023 |
| ശ്രീമതി. ഷീജ. സി. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-02-2023 | 31-03-2023 |
| ശ്രീമതി. സുലേഖ പി.ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല. | 1-1-4 |
| 6 | ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുക ക്യാപ്പിറ്റൽ ചെലവായി ബുക്ക് ചെയ്തില്ല. | 1-1-5 |
| 7 | വസ്തുനികുതിയിനത്തിലെ അഡ്വാൻസ് കലക്ഷൻ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-7 |
| 9 | തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം | 1-3 |
| 12 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 13 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമപദ്ധതികൾ | 1-7 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 21 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം | 1-12 |
| 22 | ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. | 1-13 |
| 23 | റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല. | 1-14 |
| 24 | കെട്ടിടനമ്പർ ലഭിച്ചതിന് ശേഷം അനധികൃതമായി ഘടനയിൽ മാറ്റം വരുത്തിയ കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്. | 1-15 |
| 25 | ടെലഫോൺ ടവറുകളുടെ അനധികൃത നിർമ്മാണവും നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതും - വലിയ തോതിലുള്ള നികുതി നഷ്ടം. | 1-16 |
| 26 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ | 1-17 |
| 27 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകതകൾ | 1-18 |
| 28 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം പദ്ധതി - അപാകതകൾ. | 1-19 |
| 29 | ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു. | 1-20 |
| 30 | നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല | 1-21 |
| 31 | പത്ര പരസ്യ ചാർജ് - ഡിസ്കൗണ്ട് ലഭിച്ചില്ല | 1-22 |
| 32 | വൗച്ചർ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 1-23 |
| 33 | സിഡ്കോയിൽ നിന്നും നേരിട്ടുള്ള പർച്ചേസ് - ക്രമപ്രകാരമല്ല | 1-24 |

| | | |
|---|---|---|
| 34 | എസ്.എസ്.എ വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-25 |
| 35 | തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ | 1-26 |
| 36 | KMSCLൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-27 |
| 37 | ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 1-28 |
| 38 | ഹരിത കർമ്മസേന - പ്രവർത്തന അവലോകനം | 1-29 |
| 39 | ആസ്തി സംരക്ഷണം - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-30 |
| 40 | ബജറ്റ് രൂപീകരണം - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല | 1-31 |
| 41 | ഇ ടെണ്ടർ - ടെണ്ടർ ഫീ തിരികെ ലഭ്യമാക്കിയിട്ടില്ല-അക്കൗണ്ട് സൈറ്റിൽ മാപ്പ് ചെയ്ത് ചേർത്തിട്ടില്ല. | 1-32 |
| 42 | എ.ഇ യുടെ ഓഫീസിലേക്ക് ഇലക്ട്രോണിക് സാധനങ്ങൾ വാങ്ങിയത് - അപാകതകൾ | 1-33 |
| 43 | അസിസ്റ്റന്റ് എഞ്ചിനീയർ TR-7A മാതൃകയിലുള്ള കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല | 1-34 |
| 44 | അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകതകൾ | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 2(1)/10.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 17.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചേലേമ്പ്ര ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി:11-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹2,35,43,641), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹1,79,58,835) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള “STATE BANK OF INDIA E PAYMENT RAMANATTUKARA (36166115881)” അക്കൗണ്ടിൽ നിന്നും 15.05.2022 തീയതിയിൽ Directly Debited By Bank ആയി കുറവ് ചെയ്യപ്പെട്ട ₹297 യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയതിയിലെ റീകൺസിലിയേഷൻ പത്രികയിലും (അക്കൗണ്ട് ശീർഷകം - 450210101) പൊരുത്തപ്പെടാത്ത തുകയായി അവശേഷിക്കുന്നു.

### 1-1-5 ഡെപ്പോസിറ്റ് പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുക ക്യാപ്പിറ്റൽ ചെലവായി ബുക്ക് ചെയ്തില്ല.

തൻവർഷത്തിൽ പ്രൊജക്ട് നം. 304/23 - "വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ" എന്ന പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി നടത്തുന്നതിന് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത 4,92,202/- രൂപയുടെ ചെലവ് 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board എന്ന ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യാതെ റെവന്യൂ ചെലവായി ബുക്ക് ചെയ്തു.

### 1-1-6 വസ്തുനികുതിയിനത്തിലെ അഡ്വാൻസ് കലക്ഷൻ തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

350410104 | Advance Collection Of Revenues - Property Tax On Non-Residential Buildings എന്ന ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം തൻവർഷത്തിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ വസ്തുനികുതി 44,547/- രൂപ അഡ്വാൻസ് ആയി വരവ് വന്നിട്ടുണ്ട്. എന്നാൽ വസ്തുനികുതി DCB രജിസ്റ്റർ (*സഞ്ചയ*) പ്രകാരം ഈയിനത്തിലുള്ള തുക 34,099/- രൂപയാണ്. 10,448/- രൂപയുടെ വ്യത്യാസം.

### 1-1-7 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

### 1-1-8 തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് തൻവർഷത്തിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1(1)/26.03.2022 | 20(1)/10.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 3,29,77,323 |
| വരവ് | 29,91,21,532 |
| ആകെ | 33,20,98,855 |
| ചെലവ് | 28,11,62,697 |
| നീക്കിയിരിപ്പ് | 5,09,36,158 |

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,80,15,488 | 1,80,15,488 | 1,77,61,419 | 2,54,069 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 60,58,212 | 60,58,212 | 60,58,212 | 0 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 81,85,000 | 81,85,000 | 41,95,742 | 39,89,258 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 55,42,000 | 55,42,000 | 35,91,376 | 19,50,624 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 64,99,210 | 64,99,210 | 34,37,462 | 30,61,748 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 37,51,678 | 37,51,678 | 17,96,380 | 19,55,298 |

## 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | | വ്യത്യാസത്തിന് കാരണം |
|---|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6) | |
| 1 | വികസന ഫണ്ട് - ജനറൽ | 1,97,95,931 | 1,77,61,419 | 1,90,09,301 | 1. എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുകകൾ തമ്മിലുള്ള വ്യത്യാസമായ ₹20,34,512/- അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക (പ്രൊ.നം 326, 329, 335), ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - ജനറൽ (പ്രൊ.നം 327, 336) എന്നീ ഇനങ്ങളിലേയ്ക്ക് ജി.ഒ പ്രോജക്ടുകൾ മുഖേന സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയാണ്.<br>2. ഗ്രാന്റ് സ്റ്റേറ്റ്മെൻറ് പ്രകാരമുള്ള ആകെ ചെലവ് തുകയിൽ റെവന്യൂ ചെലവായ ₹1,90,09,301/- ആണ് വാർഷിക കണക്ക് ഷെഡ്യൂൾ I-6ൽ രേഖപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന ₹7,86,630/- ക്യാപ്പിറ്റൽ ചെലവായി ഷെഡ്യൂൾ B-3ൽ രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2 | വികസന ഫണ്ട് - എസ്.സി.പി | 67,25,025 | 60,58,212 | 68,92,000 | 1. വാർഷിക കണക്ക്, എ.സി.ആർ തുകകൾ തമ്മിലുള്ള വ്യത്യാസമായ ₹8,33,788/- ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് - എസ്.സി.പി (പ്രൊ.നം 334, 337) എന്ന ഇനത്തിൽ ജി.ഒ പ്രോജക്ടുകൾ മുഖേന സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയാണ്.<br>2. പ്രൊ.നം 48 - പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നൽകൽ എന്ന പ്രോജക്ടിന്റെ ചെലവായ ₹1,66,975/- പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറായ സുലേഖയിൽ സാങ്കേതിക തകരാർ മൂലം വരാതിരുന്നതാണ് വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുകകൾ തമ്മിലുള്ള വ്യത്യാസത്തിന് കാരണം. |
| 3 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 35,91,376 | 35,91,376 | 27,79,084 | ആകെ ചെലവ് തുകയിൽ റെവന്യൂ ചെലവായ ₹27,79,084/- ആണ് വാർഷിക കണക്ക് ഷെഡ്യൂൾ I-6ൽ രേഖപ്പെടുത്തിയിട്ടുള്ളത്. അവശേഷിക്കുന്ന ₹8,12,292/- ക്യാപ്പിറ്റൽ ചെലവായി ഷെഡ്യൂൾ B-3ൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

വ്യത്യാസങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/18.11.2023 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ഫണ്ട് തുകകൾ വ്യത്യസ്തമായി കാണിക്കുന്ന വിവരം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 247 | 12,77,11,539 | 136 | 6,82,86,590 | 23 | 88 | 55.06% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2,68,573 | 20,17,888 | 22,86,461 | 10,79,068 | 12,07,393 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകിയത് | 0 | 3,77,75,156 | 3,77,75,156 | 3,77,75,156 | 0 |
| **ആകെ** | **2,68,573** | **3,97,93,044** | **4,00,61,617** | **3,88,54,224** | **12,07,393** |

കുറിപ്പ് :-

1). ഭരണചെലവ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള മുൻബാക്കി 3,48,335/- രൂപയാണ്. സ്ഥിരനിക്ഷേപങ്ങളുടെ പലിശയിനത്തിൽ ഈ ശീർഷകത്തിൽ തെറ്റായി വരവ് വെച്ചിരുന്ന തുക 90,672/- രൂപ തൻവർഷത്തിൽ ജേണൽ എൻട്രി നടത്തി മാറ്റിയിട്ടുണ്ട്.

2). ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയിൽ 3,22,60,098/- രൂപ ഷെഡ്യൂൾ I-14(C) പ്രകാരമുള്ള റെവന്യൂ ചെലവും, 55,15,058/- രൂപ ഷെഡ്യൂൾ B-3 പ്രകാരമുള്ള ക്യാപിറ്റൽ ചെലവുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,97,400 | 294 |
| വിധവാപെൻഷൻ | 11,73,62,200 | 1092 |
| വാർദ്ധക്യകാലപെൻഷൻ | 2,66,78,800 | 2720 |
| വികലാംഗപെൻഷൻ | 47,08,400 | 433 |
| വിവാഹ ധനസഹായം | 1,20,000 | 4 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9,18,800 | 86 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2023 ന് 3PM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,708/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)). ആയത് പാലിച്ചിട്ടില്ല.

2. ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടില്ല.

3. തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും പരിപാലനത്തിന് തുക ചെലവഴിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിലെ തെരുവ് വിളക്കുകളുടെയും പൊതു ടാപ്പുകളുടെയും വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. ജി.ഒ. (എം.എസ്) 10/17 തസ്വഭവ തി. 9.1.17 പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. എന്നാൽ നിർവഹണ ഉദ്യോഗസ്ഥർ ഹാജരാക്കിയ ഫയലിൽ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2022 മുതൽ 08.11.2022 വരെ | 4/2022 മുതൽ 10/2022 വരെ | 08.11.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.01.2019 മുതൽ 05.02.2019 വരെ | 2013-14 മുതൽ 2017-18 വരെ | 01.03.2019 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൻവർഷത്തിൽ 06.04.2022, 26.09.2022, 14.10.2022 13.12.2022, 24.03.2023 തീയതികളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ വസ്തുനികുതി പിരിവ് പുരോഗതി സംബന്ധിച്ച് അവലോകനം നടത്തുകയും 100% വസ്തുനികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. 31.03.2023 തീയ്യതിയിലെ ബാലൻസ് ഷീറ്റ് പ്രകാരം പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ തൻവർഷ തുക ₹6,14,623/-, കുടിശ്ശിക തുക ₹28,65,493/- എന്നിങ്ങനെ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ കീഴിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്കിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടേതാണ്. ഈ കെട്ടിടങ്ങൾക്ക് വസ്തുനികുതി

ബാധകമാണോ എന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ WP(C) 10485/2015 നമ്പറായി കേസ് നടക്കുകയാണ്. ഈ കെട്ടിടങ്ങളുടേത് ഒഴികെയുള്ള മറ്റെല്ലാ പാർപ്പിട, പാർപ്പിടേതര കെട്ടിടങ്ങളുടെയും തൻവർഷത്തെയും, കുടിശ്ശിക ആയതുമായ 100% വസ്തുനികുതി തുകയും തൻവർഷത്തിൽ പിരിച്ചെടുക്കാനായിട്ടുണ്ട്.
സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ച പ്രകാരം എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ ഉൾപ്പെടെ നടത്തിക്കൊണ്ട് പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**വസ്തുനികുതി പരിഷ്കരണം**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.
2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, വസ്തുനികുതി ആവശ്യത്തിലേയ്ക്കായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വിതീയ മേഖലകളായി തിരിച്ചത് എന്നിവ 19.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 4(1) നമ്പർ തീരുമാനം പ്രകാരം താത്ക്കാലികമായി അംഗീകരിച്ച് വിജ്ഞാപനമായി പുറപ്പെടുവിച്ച് ഒരു ദിനപത്രത്തിൽ ഉൾപ്പെടെ പരസ്യം ചെയ്തിരുന്നു. കരട് നിരക്കുകൾ പ്രസിദ്ധപ്പെടുത്തി നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ ലഭിക്കാതിരുന്നതിനാൽ ഇവ 22.06.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 1(1) നമ്പർ തീരുമാനം പ്രകാരം അന്തിമമായി അംഗീകരിച്ച് വിജ്ഞാപനമായി പുറപ്പെടുവിച്ച് രണ്ട് ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും, സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കരട്, അന്തിമ നിരക്കുകളിൽ എല്ലാ ഉപയോഗക്രമങ്ങളുടെയും നിരക്കുകൾ ഉൾപ്പെടുത്താതെ പാർപ്പിടാവശ്യങ്ങൾക്കുള്ളവ, വാണിജ്യാവശ്യങ്ങൾക്കുള്ളവ, ഇതര വ്യവസായങ്ങൾക്കുള്ളവ, മാളുകൾ എന്നിവയുടെ നിരക്കുകൾ മാത്രമാണ് പത്രത്തിൽ പരസ്യപ്പെടുത്തിയത്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.
3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയക്രമം പാലിച്ചിട്ടില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാകാൻ വൈകിയതിനാൽ അതുവരെ, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടിസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നിലവിൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നിരക്കുകൾ രേഖപ്പെടുത്തുകയും, പുതുതായി നിർമ്മാണം പൂർത്തിയാകുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നുണ്ട്.
4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1488 അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ള 2 പേരെ നിയമിച്ച് ഫീൽഡ് പരിശോധന ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പേരെ കണ്ടെത്താൻ ശ്രമങ്ങൾ നടത്തുന്നുണ്ട്.

**വസ്തുനികുതി സംബന്ധിച്ച മറ്റ് നിരീക്ഷണങ്ങൾ**

1. ഗ്രാമപഞ്ചായത്തിലെ പ്രഥമ, ദ്വിതീയ മേഖലകൾ നിശ്ചയിച്ചിട്ടുള്ളത് ദേശീയ പാതയിൽ നിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിലാണ്. നിലവിൽ, ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് പുതിയ അലൈൻമെന്റിൽ ദേശീയപാതയുടെ നിർമ്മാണം നടക്കുന്നുണ്ട്. ഇത് പൂർത്തിയാകുന്നതോടെ നിലവിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള

പല കെട്ടിടങ്ങളുടെയും മേഖല, വഴി സൗകര്യം എന്നിവയിൽ മാറ്റം വരികയും നികുതി പുനർനിർണ്ണയിക്കേണ്ടതായി വരികയും ചെയ്യും. ഇത് സംബന്ധിച്ച അപാകതകൾ ഒഴിവാക്കുന്നതിനായി കുടുംബശ്രീ മുഖേന വളണ്ടിയർമാരെ നിയമിച്ച് വിവര ശേഖരണ സർവ്വേ നടത്തുന്നതിനും ഡാറ്റാബേസ് തയ്യാറാക്കുന്നതിനുമായി പ്രോജക്റ്റ് തയ്യാറാക്കുന്നതിനായി നിർദ്ദേശിച്ചുകൊണ്ട് 26.09.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ 2(2) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി 2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് അംഗീകാരം വാങ്ങിയെങ്കിലും (പ്രൊ. നം. 275 - തനത് വരുമാനം വർദ്ധന - അടിസ്ഥാന വിവര ശേഖരണ സർവ്വേ) തൻവർഷത്തിൽ ചെലവൊന്നും നടത്തിയിട്ടില്ല.

2. കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പർ നൽകി വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം അനധികൃതമായി കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-16 ആയി നൽകിയിട്ടുണ്ട്.

3. ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് നേടി നിർമ്മാണം ആരംഭിച്ച മൊബൈൽ ടവറുകൾക്ക് പെർമിറ്റ് കാലാവധി കഴിഞ്ഞ് ദീർഘകാലമായിട്ടും പൂർത്തീകരണ വിവരം പരിശോധിച്ച് വസ്തുനികുതി നിർണയിച്ച് ഡിമാന്റ് ചെയ്യാതിരുന്നത് മൂലം വരവ് നഷ്ടം ഉണ്ടാകുന്നത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-15 ആയി നൽകിയിട്ടുണ്ട്.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ സേവന ഉപനികുതി ചുമത്തേണ്ടതില്ലെന്ന് 19.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 4(1) നമ്പറായി തീരുമാനമെടുത്തിട്ടുണ്ട്. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.** 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**2.** സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച പരാമർശം ഈ

റിപ്പോർട്ടിലെ ഖണ്ഡിക 1-14 ആയി നൽകിയിട്ടുണ്ട്.

**3.** 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

**4.** ലൈസൻസ് എടുക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള എണ്ണം ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനുള്ള നടപടികൾ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ആയി നൽകിയിട്ടുണ്ട്.

**മറ്റു നിരീക്ഷണങ്ങൾ**

ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലെ വലിയ തുക കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് മൂലം പലിശയിനത്തിലുള്ള വരുമാന നഷ്ടം ഉണ്ടാകുന്നത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-20 ആയി നൽകിയിട്ടുണ്ട്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്ര.ന | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ഫണ്ട് ഇനം | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | ഹൈസ്കൂൾ കേലയിൽപുറായി കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 2012-13 | KSEB | 24497 | - | 0 | 24497 |
| 2 | കാരാളിപ്പറമ്പ് കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | ,, | -ടി- | 29568 | - | 0 | 29568 |
| 3 | മുതിരപ്പറമ്പ് കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | ,, | -ടി- | 26400 | - | 0 | 26400 |
| 4 | ചാലിപ്പറമ്പ് കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | ,, | -ടി- | 27925 | - | 0 | 27925 |
| 5 | മണ്ണാറക്കൽ കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | ,, | -ടി- | 28065 | - | 0 | 28065 |
| 6 | ചക്കുകുളങ്ങര ചേനാട്ടിൽ | ,, | -ടി- | 28495 | - | 0 | 28495 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പുറായി കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | | | | | | |
| 7 | മാലപ്പറമ്പ് കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | „ | -ടി- | 56200 | - | 0 | 56200 |
| 8 | പുല്ലം കുന്ന് കോളനി സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | „ | -ടി- | 27895 | - | 0 | 27895 |
| 9 | പുല്ലംകുന്ന് - കുനിക്കാട്ടു പുറായി എസ്.സി കോളനിയിൽ കുഴൽകിണർ നിർമ്മാണം. | „ | GWD | 48872 | - | 0 | 48872 |
| 10 | ചീനാടം കുടിവെള്ള പദ്ധതി ത്രീഫേസ് കണക്ഷൻ-സി.ഡി & ഒ.വൈ.സി തുക അടവാക്കൽ | „ | KSEB | 16700 | - | 0 | 16700 |
| 11 | മേലേതൊടി കുഴൽകിണർ നിർമ്മാണം. | „ | GWD | 45650 | - | 0 | 45650 |
| 12 | കുന്നത്തെയിൽ കുടിവെള്ള പദ്ധതി ത്രീഫേസ് കണക്ഷൻ-സി.ഡി & ഒ.വൈ.സി തുക അടവാക്കൽ | „ | KSEB | 34450 | - | 0 | 34450 |
| 13 | മാലപ്പറമ്പ് കുടിവെള്ള പദ്ധതി ത്രീഫേസ് ലൈൻ വലിക്കൽ | „ | KSEB | 77900 | - | 0 | 77900 |
| 14 | 133/2013-14 - തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2013-14 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 230,838 | Own Fund | 0 | 230838 |
| 15 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2014-15 | കെ എസ് സി ബി | 230838 | - | 0 | 230838 |
| 16 | സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 2014-15 | ക്രൂസ് | 486222 | - | 0 | 486222 |
| 17 | 121/2016-17 - ഹൈസ്കൂൾ ചക്കുളങ്ങര റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 140,000 | Development Fund(General) | 99,680 | 40320 |
| 18 | 212/2016-17 - കോണത്തുംകുഴി - പുല്ലിപ്പറമ്പ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 50,000 | Own Fund | 24,710 | 25290 |
| 19 | 213/2016-17 - വാർഡ് 14 - കൊളക്കുത്ത് -കൊളക്കാട്ടുചാലി | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 70,000 | Own Fund | 69,800 | 200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡിൽ സ്ട്രീറ്റ് മെയിൻ | | ബോർഡ് | | | | |
| 20 | 214/2016-17 - വാർഡ് 2 -പൊയിൽതൊടി - കുറ്റിപ്പറമ്പ് റോഡിൽ സ്ട്രീറ്റ് മെയിൻ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 55,000 | Own Fund | 51,997 | 3003 |
| 21 | 216/2016-17 - വാർഡ് 4 - എൻ.എച്ച് -പാലക്കപ്പറമ്പ് റോഡിലും, അഗ്രശാല അയ്യപ്പക്ഷേത്രം റോഡിലും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 60,000 | Own Fund | 59,580 | 420 |
| 22 | 217/2016-17 - വാർഡ് 17 -തലക്കോട്ടീരി പുറായി ഇളഞ്ചി തൃക്കോവിൽ റോഡ് - സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 50,000 | Own Fund | 40,439 | 9561 |
| 23 | 259/2016-17 - വാർഡ് 5 - എടണ്ടപ്പാടം പാറലാത്ത് അരു ഫുട്പാത്ത് , അണ്ടിത്തൊടി ചക്കിപ്പറമ്പ് റോഡ്, അത്താണി അങ്കണവാടി റോഡ്, അത്താണി സ്പിന്നിംഗ് മിൽ റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 55,000 | Own Fund | 53,934 | 1066 |
| 24 | 260/2016-17 - പാറയിൽ പുതുവാക്കര സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 50,000 | Own Fund | 49,353 | 647 |
| 25 | 261/2016-17 - ഇടിമുഴിക്കൽ മുതൽ ചെട്ട്യാർമാട് വരെ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 150,000 | Own Fund | 147,950 | 2050 |
| 26 | 191/2017-18 - കുറ്റിപ്പറമ്പ് ട്രാൻസ്ഫോമർ മുതൽ സിൽക്ക് പാലം വരെ സ്ട്രീറ്റ്മെയിൻ - വാർഡ് 1 | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 193,842 | Own Fund | 0 | 193842 |
| 27 | 201/2017-18 - യു.പി.സ്കൂൾ മങ്ങാട്ടയിൽ റോഡ് സ്ട്രീറ്റമെയിൻ സ്ഥാപിക്കലും, റോഡിലെ പോസ്റ്റ് മാറ്റുന്നതിന് തുക അടവാക്കലും - വാർഡ് 12 | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 49,665 | Own Fund | 0 | 49665 |
| 28 | 93/2018-19 - പൈങ്ങോട്ടൂർ ചേലൂപാടം റോഡ് സ്ട്രീറ്റ്മെയിൻ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 49,993 | Own Fund | 0 | 49,993 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്ഥാപിക്കൽ | | ബോർഡ് | | | | |
| 29 | 231/2018-19 - പനയംപ്പുറം -കരങ്ങാട്ട് എസ്.സി കോളനി വരെ സ്ട്രീറ്റ് മെയിൻ - വാർഡ് 12 | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 49,949 | Own Fund | 0 | 49,949 |
| 30 | 232/2018-19 - പനയപ്പുറം - പൈങ്ങോട്ടൂർ സ്ട്രീറ്റ് മെയിൻ - വാർഡ് 12 | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 29,984 | Own Fund | 0 | 29,984 |
| 31 | 242/2018-19 - കരങ്ങാട്ട് അങ്കണവാടിക്ക് കുഴൽ കിണർ | 2018-19 | ഭൂജല വകുപ്പ് | 36,890 | Own Fund | 0 | 36,890 |
| 32 | 14/2019-20 - പഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 438,034 | Own Fund | 0 | 438,034 |
| 33 | 18/2019-20 - പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് കുഴൽക്കിണർ | 2019-20 | ഭൂജല വകുപ്പ് | 42,058 | Maintenance Fund - Non-road Assets | 30576 | 11482 |
| 34 | 102/2019-20 - ചേലേമ്പ്രപാടം-അടിവാരം റോഡിൽ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 33,934 | Own Fund | 0 | 33,934 |
| 35 | 184/2019-20 - ഹെൽത്ത് സെൻറർ പാറയിൽ റോഡ് സ്ട്രീറ്റ് മെയിൻ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 29,484 | Own Fund | 0 | 29,484 |
| 36 | 245/2019-20 - ചാലിപ്പറമ്പ് ട്രാൻസ്ഫോർമർ - വെസ്റ്റ് ചാലിപ്പറമ്പ് ചക്കുവളവ് കുറ്റീരിപ്പടി സ്ട്രീറ്റ്മെയിൻ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 74,458 | Own Fund | 0 | 74,458 |
| 37 | 298/2019-20 - വാർഡ് 13 ൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 23,007 | Own Fund | 0 | 23,007 |
| 38 | 68/2020-21 - പൈങ്ങോട്ടൂർ ചേലൂപ്പാടം റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 80,481 | Own Fund | 0 | 80,481 |
| 39 | 198/2020-21 - വാർഡ് 16 ൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 136,291 | Development Fund(CFC Basic Grant ) | 0 | 136,291 |
| 40 | 217/2020-21 - യൂണിവേഴ്സിറ്റി കാട്ടിപ്പാലം റോഡിൽ സടീറ്റ് ലൈൻ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി | 50,516 | Development Fund(CFC Basic Grant ) | 0 | 50,516 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വലിക്കൽ | | ബോർഡ് | | - 50000 , Own Fund - 516 | | |
| 41 | 300/2020-21 - പഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 2020-21 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 343,030 | Own Fund | 0 | 343,030 |
| 42 | 406/2020-21 - കൃഷിഭവന് കുഴൽകിണർ | 2020-21 | ഭൂജല വകുപ്പ് | 54,572 | Development Fund(General) | 0 | 54,572 |
| 43 | 125/2021-22 - വിവിധ റോഡുകളിൽ തെരുവുവിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ വലിക്കൽ | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1,569,624 | Development Fund(General) - 1113426 , Own Fund - 456198 | 0 | 1,569,624 |
| 44 | 220/2021-22 - പതിനാറാം വാർഡിലെ പുല്ലിപ്പറമ്പ് അംഗനവാടി വൈദ്യുതീകരണം | 2021-22 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 38,541 | Own Fund | 0 | 38,541 |
| 45 | 290/2021-22 - കൃഷിഭവൻ കുഴൽ കിണറിന് മോട്ടോർ ടാങ്ക് പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2021-22 | ഭൂജല വകുപ്പ് | 130,000 | Development Fund (CFC Tied Grant ) | 122562 | 7438 |
| ആകെ | | | | | | | 4804287 |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 01/15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, വിനിയോഗത്തിന് ശേഷം ലഭ്യമാവാൻ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 ലൈസൻസ് എടുത്ത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും, 2022-23 വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് അപേക്ഷയിൽ പറഞ്ഞിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി 2022-23 I/II അർദ്ധ വർഷം പഞ്ചായത്തിൽ അടവാക്കിയിട്ടില്ലെന്ന് ബോധ്യപ്പെട്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം | 2022-23 വർഷത്തിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്ത അർദ്ധവർഷം |
|---|---|---|---|---|
| 1 | 4 | ഈസി പാക്ക്, കാക്കഞ്ചേരി | 18 | $1^{st}$, $2^{nd}$ |
| 2 | 22 | ഏഷ്യൻ പ്ലസ് ബേക്കറി, കാക്കഞ്ചേരി | 5 | $1^{st}$, $2^{nd}$ |
| 3 | 37 | അരുണ കെയ്ൻ ഇൻഡസ്ട്രീസ്, കാക്കഞ്ചേരി | 5 | $1^{st}$, $2^{nd}$ |
| 4 | 62 | മലബാർ എക്യിപ്മെന്റ്സ് & ജനറൽ ട്രേഡേഴ്സ് പ്രൈ. ലി. | 28 | $1^{st}$, $2^{nd}$ |
| 5 | 66 | മീഡിയ നെറ്റ് അഡ്വർട്ടൈസിംഗ് & മാനേജിംഗ്, കാക്കഞ്ചേരി | 5 | $1^{st}$, $2^{nd}$ |

| | | | | |
|---|---|---|---|---|
| 6 | 76 | യൂഷ എർഗണോമിക്സ് പ്രൈ. ലി. | 5 | 1st, 2nd |
| 7 | 91 | ഗുഡ് ഇയർ ഇന്ത്യ പ്രൈ. ലി. | 9 | 1st, 2nd |
| 8 | 108 | ക്ലിയർ പെറ്റ് ഇൻഡസ്ട്രീസ്, തിരുവങ്ങാട്ടുതാഴം | 5 | 1st, 2nd |
| 9 | 117 | കെ.റ്റി.എം ട്രേഡേഴ്സ്, കാക്കഞ്ചേരി | 6 | 1st, 2nd |
| 10 | 121 | ഹൈവ എന്റർപ്രൈസസ്, പുല്ലിപ്പറമ്പ് റോഡ് | 8 | 1st, 2nd |
| 11 | 123 | ഒമേഗ ഏജൻസീസ് | 5 | 1st, 2nd |
| 12 | 127 | ഇ.എസ്.ഐ ലോജിസ്റ്റിക്സ്, ചാലിപ്പറമ്പ് | 5 | 1st, 2nd |
| 13 | 129 | അസോസിയേറ്റ് പോളിമേഴ്സ്, കാക്കഞ്ചേരി | 5 | 1st, 2nd |
| 14 | 148 | മാസ്കോ - "ദി വേൾഡ് ഓഫ് സ്ക്രാപ്പ്", തച്ചമ്പലം | 5 | 1st, 2nd |
| 15 | 149 | വൈദ്യരത്നം ഔഷധശാല, ഇടിമുഴിക്കൽ | 6 | 1st, 2nd |
| 16 | 181 | ഗ്രാമീൺ ജനകീയ ഹോട്ടൽ, ഇടിമുഴിക്കൽ | 5 | 1st, 2nd |
| 17 | 210 | ഓട്ടോ സ്പോട്ട്, ഇടിമുഴിക്കൽ | 11 | 1st, 2nd |
| 18 | 235 | വിജയ് & ഓജസ്സി ന്യൂട്രിമിക്സ് യൂണിറ്റ്, പടിഞ്ഞാറ്റിൻപൈ | 10 | 1st, 2nd |
| 19 | 236 | ഷാസ് ഫുഡ് പ്രൊഡക്ട്സ്, കാക്കഞ്ചേരി | 6 | 1st, 2nd |
| 20 | 250 | ഹോഗർ ഷൂസ് പ്രൈ. ലി. | 13 | 1st, 2nd |
| 21 | 279 | അക്വാ ഹെൽത്തി, സ്പിന്നിംഗ് മിൽ | 17 | 1st, 2nd |
| 22 | 305 | ഡ്രൈവർ ലോജിസ്റ്റിക്സ് (ഡ്രൈവർ ഡ്രോപ്പ്) , കാക്കഞ്ചേരി | 7 | 2nd |
| 23 | 314 | 13th സ്ട്രീറ്റ് റെസ്റ്റോറന്റ് & കൂൾബാർ, ചെട്ടിയാർമാട് | 6 | 2nd |
| 24 | 343 | ജസാ ഫുഡ് പ്രൊഡക്ട്സ്, പൈങ്ങോട്ടൂർ | 5 | 2nd |
| 25 | 354 | മദർ റിഹാബ് - മൾട്ടിസ്പെഷ്യാലിറ്റി റെസിഡൻഷ്യൽ ഫിസിയോ തെറാപ്പി ഹോസ്പിറ്റൽ | 7 | 2nd |
| 26 | 379 | സ്റ്റീൽ ടെക്ക് കോർട്ട് സൊല്യൂഷൻസ് പ്രൈ. ലി., ചാലിപ്പറമ്പ് | 5 | 2nd |
| 27 | 387 | വരലക്ഷ്മി മോട്ടോഴ്സ് LLP, പൈങ്ങോട്ടൂർമാട് | 8 | 2nd |

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്നതും, 2022-23 വർഷത്തിൽ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ തൊഴിൽനികുതി അടവാക്കാൻ ബാധ്യസ്ഥരായിരുന്നതുമായ എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, ഈടാക്കിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/17.11.2023ന് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഇത് സംബന്ധിച്ച് വിശദീകരണം രേഖപ്പെടുത്തിയിട്ടില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 റേഷൻകടകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കുന്നില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന രണ്ട് മാവേലി സ്റ്റോറുകൾക്ക് ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിലെ റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല റേഷൻ കടകളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22-01-2019, കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ റേഷൻ കടകൾ പ്രവർത്തിക്കുന്നില്ല എങ്കിൽ അക്കാര്യം വ്യക്തമാക്കേണ്ടതും അല്ലായെങ്കിൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്.(ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.09/2022-23/17.11.23 ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല).


## 1-15 കെട്ടിടനമ്പർ ലഭിച്ചതിന് ശേഷം അനധികൃതമായി ഘടനയിൽ മാറ്റം വരുത്തിയ കെട്ടിടത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

**ഫയൽ നം. 400856/BRMC02/General/2022/4412, തീയ്യതി : 02.12.2022**


ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് വാർഡ് 3ൽ റീസർവേ നം. BL1-80/6-2ൽ ശ്രീ. പീടികത്തൊടി നൗഷാദ് S/o നൂറുദ്ധീൻ എന്നവരുടെ ഉടമസ്ഥതയിൽ പെർമിറ്റ് ഇല്ലാതെ കെട്ടിടനിർമ്മാണം പൂർത്തിയാക്കി ക്രമവൽക്കരണത്തിനായി സമർപ്പിച്ച അപേക്ഷ പ്രകാരം കെട്ടിടത്തിന് താഴെ പറയും പ്രകാരം നമ്പറുകൾ നൽകിയിട്ടുണ്ട്.

| കെട്ടിടത്തിന്റെ ഭാഗം (ഉപയോഗം) | നിർമ്മിത വിസ്തീർണ്ണം (ച.മീ) | നൽകിയ നമ്പർ | വസ്തുനികുതി നിർണ്ണയിച്ച വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| ഭൂനിരപ്പ് നില (റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് - 3 എണ്ണം) | 174.86 | 3/544/A | 67.99 |
| | | 3/544/B | 68.57 |
| | | 3/544/C | 38.3 |
| ഒന്നാം നില (വാണിജ്യാവശ്യത്തിനുള്ളവ) | 85.43 | 3/544/D | 19.98 |
| | | 3/544/E | 19.98 |
| | | 3/544/F | 19.98 |
| സ്റ്റെയർ ക്യാബിൻ | 14.50 | 3/544/G | 19.98 |
| | | 3/544/H | 19.98 |
| ഒന്നാം നില (പാർക്കിംഗ് ഏരിയ) | 91.61 | - | - |
| **ആകെ** | **366.40** | **-** | **274.76** |

കെട്ടിടത്തിന്റെ ഭൂനിരപ്പ് നിലയിലേയ്ക്ക് വള്ളച്ചാലി റോഡിൽ നിന്നും, ഒന്നാം നിലയിലേയ്ക്ക് പുല്ലിപ്പറമ്പ്-ഇടിമുഴിക്കൽ റോഡിൽ നിന്നും പ്രവേശനമുണ്ട്. കെട്ടിടത്തിന് ചട്ടപ്രകാരമുള്ള പാർക്കിംഗ് ആവശ്യത്തിലേയ്ക്കായി 15എം$^2$ ഇരുചക്ര വാഹന പാർക്കിംഗും 1 കാർ പാർക്കിംഗും ഭൂനിരപ്പിലും, 3 കാർ പാർക്കിംഗ് ഒന്നാം നിലയിൽ പാർക്കിംഗ് ഏരിയായി കാണിച്ചിട്ടുള്ള ഭാഗത്തുമാണ് പ്ലാൻ പ്രകാരം നൽകിയിട്ടുള്ളത്.



സൈറ്റ് പ്ലാൻ



ഒന്നാം നില പ്ലാൻ

21.11.2023 തീയതിയിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചു. കെട്ടിടത്തിന്റെ ഒന്നാം നിലയിൽ പാർക്കിംഗ് ഏരിയ ആയി കാണിച്ചിരുന്ന ഭാഗത്ത് ചുമരുകൾ വെച്ച് മുറികൾ നിർമ്മിച്ച് ഈ ഭാഗം പാർക്കിംഗിനായി ഉപയോഗിക്കാൻ കഴിയാത്ത വിധം മാറ്റം വരുത്തിയിട്ടുണ്ട്. കൂടാതെ, മുൻവശത്തായി റോഡിൽ നിന്നും 3.6 മീ. സെറ്റ് ബാക്ക് കാണിച്ചിട്ടുള്ള ഭാഗത്ത് 6.9 മീ. X 4.1 മീ. = 28.29 ച.മീ. നിർമ്മിത വിസ്തീർണ്ണത്തിൽ (സെറ്റ് ബാക്കും അതിന് പിന്നിലുള്ള ഭാഗവും ഉൾപ്പെടെ ഉപയോഗപ്പെടുത്തി) അധികമായി നിർമ്മാണം നടത്തി ഷീറ്റ് മേൽക്കൂരയും ഗ്ലാസ് ചുവരുകളും നൽകിയിട്ടുണ്ട്. സെറ്റ് ബാക്കായി ഒഴിച്ചിടേണ്ട ഭാഗത്ത് നിർമ്മാണം നടത്തിയത് ചട്ട ലംഘനമാണ്. കെട്ടിടത്തിന്മേൽ "ഒറിഗോ ഹോം സൊല്യൂഷൻസ്" എന്ന സ്ഥാപനത്തിന്റെ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.



സ്ഥല പരിശോധന

കെട്ടിടത്തിന് നമ്പർ നൽകിയതിനുശേഷം നടത്തിയ നിർമ്മാണങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി നൽകിയതായി കണ്ടില്ല. അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/21.11.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അനുമതിയില്ലാതെയുള്ള നിർമ്മാണം സംബന്ധിച്ച് ഉടമസ്ഥന് നോട്ടീസ് നൽകി തുടർ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-16 ടെലഫോൺ ടവറുകളുടെ അനധികൃത നിർമ്മാണവും നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതും - വലിയ തോതിലുള്ള നികുതി നഷ്ടം.

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി അടവ് വിവരങ്ങൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ മുൻവർഷങ്ങളിൽ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ച് നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന വാർത്താ വിനിമയ ഗോപുരങ്ങളുടെയും വിവരങ്ങൾ പരിശോധിച്ചു.

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ സഞ്ചയ രേഖകൾ പ്രകാരം നിലവിൽ ഗ്രാമപഞ്ചായത്തിൽ ആകെ ചുവടെ ചേർത്ത നാല് വാർത്താ വിനിമയ ഗോപുരങ്ങളാണ് നമ്പർ അനുദിച്ചിട്ടുള്ളത്.

| ക്രമ നം | കെട്ടിട നമ്പർ | കമ്പനി/ഉടമയുടെ പേര് | നമ്പർ അനുവദിച്ച/ നികുതി നിർണ്ണയിച്ച വർഷം |
|---|---|---|---|
| 1 | 8/298 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 1997 ഒന്നാം അർദ്ധ വർഷം |
| 2 | 4/171 | ടാറ്റ ടെലി സർവ്വീസസ് | 1997 ഒന്നാം അർദ്ധ വർഷം |
| 3 | 13/241 | എസ്സാർ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് | 2008 രണ്ടാം അർദ്ധ വർഷം |

| | | | |
|---|---|---|---|
| 4 | 7/244 D | ടവർ വിഷൻ ഇന്ത്യ പ്രൈവറ്റി ലിമിറ്റഡ് | 2022 രണ്ടാം അർദ്ധ വർഷം |

ലഭ്യമാക്കിയ പെർമിറ്റ് രജിസ്റ്ററുകൾ പ്രകാരം 2017-18 മുതൽ 2022-23 വരെ പെർമിറ്റിന് അപേക്ഷിച്ച വിവിധ വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണം 6 ആണ്. ഇതിൽ നാല് എണ്ണത്തിന് പെർമിറ്റ് അനുദിക്കുകയും, ആയതിൽ മുകളിലെ പട്ടികയിൽ ക്രമ നം 4 ആയി ഉൾപ്പെട്ട ടവറിന് മാത്രമാണ് നിലവിൽ ഗ്രാമപഞ്ചായത്ത് നമ്പർ അനുവദിച്ചിട്ടുള്ളത്. പെർമിറ്റിന് അപേക്ഷിച്ചതിൽ പെർമിറ്റ്/നമ്പർ അനുവദിക്കാത്ത ടവറുകളുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു. ടി ടവറുകളുടെ പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതി അറിയുന്നതിനായി ടവറുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങൾ ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 21.11.2023ന് ഓഡിറ്റിന് നേരിട്ട് പരിശോധിക്കുകയുണ്ടായി. പരിശോധനയിലെ കണ്ടെത്തലുകൾ ഉൾപ്പടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇൻവാർഡ് /പെർമിറ്റ് നം, അപേക്ഷകന്റെ/കമ്പനി പേര് | ഫയൽ പ്രകാരം നിലവിലെ അവസ്ഥ | സ്ഥല പരിശോധനയിലെ കണ്ടെത്തലുകൾ/അപാകതകൾ |
|---|---|---|---|
| 1 | BL-6010/17/02.09.17.<br>സ.നം. BL-1-69/10<br>റിലയൻസ് ജിയോ ഇൻഫോകോം | ചട്ടപ്രകാരം പെർമിറ്റ് അനുവദിച്ച ശേഷം ടി ടവർ നിർമ്മാണത്തിൽ പരിസര വാസികളുടെ പരാതി ഉയർന്നതിനാൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കത്ത് നൽകിയിട്ടും ആയത് പരിഗണിക്കാതെ നിർമ്മാണം തുടർന്നതിനാൽ നിർമ്മാണം നിർത്തി വെക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിർദ്ദേശം നൽകുകയും ചെയ്തു.<br>ഇത് സംബന്ധിച്ച് ജില്ലാ കളക്ടറുടെ ചേമ്പറിൽ 23.10.18ന് നടന്ന ഹിയറിംഗിൽ ഓവർസിയർ പങ്കെടുക്കുകയും നിയമപ്രകാരമാണ് പെർമിറ്റ് അനുവദിച്ചത് എന്നതിനാൽ പരാതി പരിഗണിക്കാൻ കഴിയില്ല എന്നും പ്രവർത്തനം ആരംഭിച്ച ശേഷം പരാതിയുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാമെന്നും ബഹു. ജില്ലാ കളക്ടർ പരാതിക്കാരെ അറിയിച്ചു. | 1) ഈ ടവർ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>2) ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>3) നിർമ്മിതികൾക്ക് കാലപ്പഴക്കമുള്ളതായി വ്യക്തമാകുന്നുണ്ട്. |
| 2 | 5410/18/23.05.18<br>പെർമിറ്റ് നം രേഖപ്പെടുത്തിയിട്ടില്ല<br>സ. നം-BL 02-99/9<br>റിലയൻസ് ജിയോ ഇൻഫോകോം | ഫയൽ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | വാർഡ് 4 ൽ 4/171 നമ്പർ അനുവദിക്കപ്പെട്ടത് കൂടാതെ ആയതിന്റെ സമീപത്ത് രണ്ട് പ്ലോട്ടുകൾ അപ്പുറത്ത് ഒരു റിലയൻസ് ജിയോ ഇൻഫോകോം ടവർ പ്രവർത്തിക്കുന്നതായി സ്ഥലപരിശോധനയിൽ കണ്ടു. ഈ അപേക്ഷ പ്രകാരമുള്ള സൈറ്റ് ആണ് ഇത് എന്നാണ് പരിശോധന ടീമിന് അറിയാൻ കഴിഞ്ഞത്.<br>1) ഈ ടവർ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>2) ടവറിന്റെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>3) നിർമ്മിതികൾക്ക് കാലപ്പഴക്കമുള്ളതായി വ്യക്തമാകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇതിന് ഗ്രാമപഞ്ചായത്ത് പെർമിറ്റോ നമ്പറോ അനുവദിച്ചിട്ടില്ലാത്തതിനാൽ ഇത് അനധികൃത നിർമ്മിതിയാണ്. |
| 3 | A3-BA(256179)/2018 /31.10.18.<br>വാർഡ്- 2,<br>സ.നം- 39-51/1<br>എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമി. | A) 15.02.2019 ന് ടവർ നിർമ്മാണം പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചതായി അറിയിച്ച് കമ്പനി നമ്പറിംഗിനായി അപേക്ഷിച്ചു.<br>B) ടവർ നിർമ്മാണം സംബന്ധിച്ച് പരിസര വാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ ചേലേമ്പ്ര പി.എച്ച്.സി മെഡിക്കൽ ഓഫീസർ, ജനറേറ്ററിന്റെ ശബ്ദം കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുമായി ബന്ധപ്പെട്ട് PCBയുടെ അഭിപ്രായം തേടേണ്ടതായി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. (11/2019/23.01.19)<br>C) 11.01.21 വരെ നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ ചട്ടം 88(2) പ്രകാരം ഒക്കുപ്പൻസി ലഭിച്ചതായി കണക്കാക്കാവുന്നതായും ഡിമാന്റ് നോട്ടീസ് നൽകുന്ന മുറക്ക് വസ്തു നികുതി അടവാക്കുന്നതാണ് എന്നും കമ്പനി അറിയിച്ചു. (Inward No- A2-1212/21/06.02.21)<br>D) 20.02.2021- PCB സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും, ARAI സർട്ടിഫിക്കറ്റ് -കൺസന്റ് കാലാവധി അവസാനിച്ചതായും ഉള്ള അപാകതകൾ പരിഹരിക്കുന്ന മുറക്ക് മാത്രമേ നമ്പർ അനുവദിക്കുകയുള്ളൂ എന്ന് സൂചിപ്പിച്ച് കമ്പനിക്ക് സെക്രട്ടറി കത്ത് നൽകി.(A2-1212/21 /20.02.21) | 1) ഈ ടവറുകൾ നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്.<br>2) ടവറുകളുടെ വൈദ്യുതി മീറ്റർ, ജനറേറ്റർ, മറ്റ് ഉപകരണങ്ങൾ പ്രവർത്തിച്ച് കൊണ്ടിരിക്കുകയാണ്.<br>3) നിർമ്മിതികൾക്ക് കാലപ്പഴക്കമുള്ളതായി വ്യക്തമാകുന്നുണ്ട്. |
| 4 | A3-BA(49233)/2019 /13.02.19<br>ഇൻഡസ് ടവേഴ്സ് ലിമി.- കൊച്ചി | A) 25.09.2019- ടവർ നിർമ്മാണം പെർമിറ്റ് പ്രകാരം പൂർത്തീകരിച്ചതായി അറിയിച്ച് കമ്പനി നമ്പറിംഗിനായി അപേക്ഷിച്ചു.(KER/ACQ/LADIII /IN-1355767/23.09.19)<br>B) 01.11.19- ടവർ നിർമ്മാണം നടത്തിയ കെട്ടിടത്തിൽ അനധികൃതമായി ഷീറ്റിട്ടതും കാബിനിന്റെ സൈസ്, പൊസിഷൻ എന്നിവ പ്ലാൻ പ്രകാരമല്ല എന്നും കാണിച്ച് കമ്പനിക്ക് കത്ത് നൽകി(B1-1119/19 /01.11.19)<br>C) 28.06.21- 09.06.21 വരെ നമ്പർ അനുവദിച്ചിട്ടില്ലാത്തതിനാൽ ചട്ടം 88(2) പ്രകാരം ഒക്കുപ്പൻസി ലഭിച്ചതായി കണക്കാക്കാവുന്നതായും | |

| | | | |
|---|---|---|---|
| | | ഡിമാന്റ് നോട്ടീസ് നൽകുന്ന മുറക്ക് വസ്തു നികുതി അടവാക്കുന്നതാണ് എന്നും കമ്പനി അറിയിച്ചു. (ACQ/IND/R/NN-317554/2021/09.06.21)<br>D) 01.07.2021- സമീപവാസികളുടെ പരാതി പ്രകാരം ജില്ലാകളക്ടർക്ക് കത്ത് നൽകിയതും, (C) പ്രകാരമുള്ള കത്ത് നൽകിയതിലെ അപാകതകൾ പരിഹരിക്കുന്ന മുറക്ക് മാത്രമേ നമ്പർ അനുവദിക്കുകയുള്ളൂ എന്നും സൂചിപ്പിച്ച് കമ്പനിക്ക് സെക്രട്ടറി കത്ത് നൽകി. (A2-3489/21/01.07.21) | |
| 5 | A2-BA(216395)/2022/ 30.06.22. വാർഡ് 7, S-95/5-2 സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ | പെർമിറ്റ് കാലാവധി ഒരു വർഷമാണെന്നിരിക്കെ കാലാവധി കഴിഞ്ഞിട്ടും പെർമിറ്റ് പുതുക്കുകയോ നിർമ്മാണം പൂർത്തീകരിച്ചതായി അറിയിക്കുകയോ ചെയ്യാതിരുന്നിട്ടും നിർമ്മാണം നിർത്തിവെക്കുന്നതിനോ മറ്റോ അറിയിച്ച് കൊണ്ട് ഗ്രാമപഞ്ചായത്ത് കമ്പനിക്ക് കത്ത് നൽകുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. | |

ടെലഫോൺ ടവറുകളുടെ അനധികൃത നിർമ്മാണവും നമ്പർ ലഭ്യമാകാതെ/നികുതി അടവാക്കാതെ പ്രവർത്തിക്കുന്നതും കണ്ടെത്തുന്നതിന് പരിശോധന നടത്തുന്നതിന് നിർദ്ദേശിച്ച് കൊണ്ട് 40395/RC2/2014/LSGD/19-10-2014 നമ്പർ സർക്കുലർ ഉള്ളതും, പെർമിറ്റ് അനുവദിച്ചെങ്കിലും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകാതെ പ്രവർത്തനം ആരംഭിച്ചിട്ടുള്ള വിവിധ മൊബൈൽ ടവറുകൾ വിവിധ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നതായി അറിയുന്നതായും ഇത് ഗ്രാമപഞ്ചായത്തുകൾക്ക് വലിയ റവന്യു നഷ്ടം വരുത്തുന്നതായും ഇത്തരം ടവറുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് അടിന്തിരമായി ലഭ്യമാക്കി ടവറുകൾ പ്രവർത്തനം ആരംഭിച്ചത് മുതലുള്ള വസ്തു നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്ത് അസി. ഡയറക്ടർ- മലപ്പുറം, സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകളോടും 09.11.2022ന് ഇ മെയിൽ മുഖേന നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

മേൽ രണ്ടാമത്തെ പട്ടികയിലെ ക്രമ നം.2 ടവറിന്റെ ഫയൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഇത് സംബന്ധിച്ച് ചുവടെ ചേർത്ത അപാകതകൾക്ക് മറുപടി/ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

1) രണ്ടാമത്തെ പട്ടികയിലെ ക്രമ നം. 2 ഒഴികെയുള്ള 4 ടവറുകളും പെർമിറ്റ് കാലാവധി അവസാനിച്ചിട്ടും നമ്പർ ലഭിക്കാതെ/വസ്തു നികുതി അടവാക്കാതെ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നതിനാൽ ആയവക്ക് പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി, എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള വസ്തു നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2) പെർമിറ്റ് ലഭ്യമാകാതെ നിർമ്മാണം നടത്തി പൂർത്തീകരിച്ച് പ്രവർത്തിക്കുന്ന ക്രമ നം. 2 ടവർ അനധികൃത നിർമ്മാണമായി കണക്കാക്കി, ക്രമവൽക്കരിക്കുന്നത് വരെ UA നമ്പർ നൽകി വസ്തു നികുതി ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള മൂന്ന് ഇരട്ടി വസ്തു നികുതി ഈടാക്കി ക്രമവൽക്കരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

യഥാസമയം തുടർ നടപടികൾ സ്വീകരിച്ച് കാലതാമസം മൂലം ഗ്രാമപഞ്ചായത്തിനുണ്ടായേക്കാവുന്ന വരവ് നഷ്ടം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.07/2022-23/17-11-23ന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-17 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം - അപാകതകൾ

പ്രൊജക്ട് നം.206/23 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

അടങ്കൽ - ₹6,40,900/- വികസന ഫണ്ട് SCP

ചെലവ് - ₹6,40,900/- (ഇതിൽ ₹1,40,900/- 2023-24ൽ ആണ് അനുവദിച്ചത്)

(1) ₹500,000/- ബിൽനം. 22151052033301513697/28.03.2023

(2) ₹1,40,900/- ബിൽനം. 22151052033300205768/16.06.2023

നിർവ്വഹണം - അസി. സെക്രട്ടറി

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ(കൈ)നം. 115/2022/LSGD തിയതി. 28.05.2022 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെയും, പാരലൽ കോളേജിൽ പഠിച്ച് കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകളുടെയും അടിസ്ഥാനത്തിൽ മാർഗ്ഗരേഖയിൽ അനുബന്ധം 4ൽ പരാമർശിച്ച സ്പെസിഫിക്കേഷനോട് കൂടിയ ലാപ്ടോപ്പുകൾ വാങ്ങി നൽകാവുന്നതാണ്.

ഈ പദ്ധതി പ്രകാരം വിവിധ കോഴ്സുകൾക്ക് പഠിക്കുന്ന, ഗ്രാമപഞ്ചായത്തിലെ 17 പട്ടികജാതി വിദ്യാർത്ഥികൾക്ക്, IT പ്രൊഫഷണൽസ് കോപ്പറേറ്റീവ് സൊസൈറ്റി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. IT/22-23L340 /09.02.23 പ്രകാരം ഒരു ലാപ്ടോപ്പിന് 37,700/- രൂപ വിലയുള്ള Acer Travelmate P214-53 മോഡൽ ലാപ്ടോപ്പുകൾ ജെം മുഖേന വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രൊജക്റ്റ് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാർഗ്ഗ രേഖയിൽ പരാമർശിച്ച സ്പെസിഫിക്കേഷൻ പ്രകാരം ലാപ്ടോപ്പിന് 512 GB SSD മെമ്മറി കപ്പാസിറ്റി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ കമ്പനിയുടെ ഇൻവോയ്സിൽ 512GB എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രൊഡക്റ്റ് ഐഡി ഉപയോഗിച്ച് കമ്പനിയുടെ വെബ്സൈറ്റിൽ ലാപ്ടോപ്പിന്റെ വിവരങ്ങൾ പരിശോധിച്ചതിലും, ഫയലിൽ ലഭ്യമായ, ജെം മുഖേനയുള്ള സ്പെസിഫിക്കേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് പ്രകാരവും വിതരണം ചെയ്ത ലാപ്ടോപ്പുകൾ 256 GB SSD മെമ്മറി കപ്പാസിറ്റി മാത്രം ഉള്ളവയാണ്. ഇത്തരം ലാപ്ടോപ്പുകൾ തമ്മിൽ ഏകദേശം കുറഞ്ഞത് 2,000/- രൂപയുടെയെങ്കിലും വില വ്യത്യാസം ഉണ്ടായിരിക്കുന്നതാണ്. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിൽ വിതരണം ചെയ്ത ലാപ്ടോപ്പിൽ ഒന്ന് പരിശോധനക്ക് ഹാജരാക്കുകയുണ്ടായി. ഈ ലാപ്ടോപ്പ് പരിശോധിച്ചതിൽ 512 GB SSD മെമ്മറി കപ്പാസിറ്റി ഉള്ളതായി ബോധ്യപ്പെട്ടു. Acer Travelmate P214-53 മോഡൽ ലാപ്ടോപ്പുകൾ ആണ് ഇൻവോയ്സ് പ്രകാരം വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയത് Acer Aspire/A315-58 മോഡൽ ആണ്. ഇതിൽ നിന്നും ഇൻവോയ്സിൽ പറഞ്ഞതിൽ നിന്നും വ്യത്യസ്തമായ മോഡലിലുള്ള ലാപ്ടോപ്പ് ആണ് വിതരണം ചെയ്തത് എന്ന് വ്യക്തമായിട്ടുണ്ട്. വിതരണക്കാരൻ ലഭ്യമാക്കിയ ലാപ്ടോപ്പ് വിദഗ്ദ പരിശോധന കൂടാതെ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിനാലാണ് ഈ അപാകത സംഭവിച്ചിട്ടുള്ളത്.

2) മാർഗ്ഗ രേഖയിൽ പരാമർശിച്ച സ്പെസിഫിക്കേഷൻ പ്രകാരം ലാപ്ടോപ്പിന് 3 Year Comprehensive Onsite OEM Warranty Including Battery And Charger എന്നാണ്. എന്നാൽ പ്രൊഡക്റ്റ് ഐഡി ഉപയോഗിച്ച് കമ്പനിയുടെ സൈറ്റിൽ ലാപ്ടോപ്പിന്റെ വിവരങ്ങൾ പരിശോധിച്ചതിലും, ഫയലിൽ ലഭ്യമായ, ജെം മുഖേനയുള്ള സ്പെസിഫിക്കേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയത് പ്രകാരവും വിതരണം ചെയ്ത ലാപ്ടോപ്പുകൾക്ക് മൂന്ന് വർഷം വാറണ്ടി ഉണ്ടെങ്കിലും ബാറ്ററിക്ക് ഒരു വർഷം മാത്രവുമാണ് വാറണ്ടി ഉള്ളത്.

3) പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്നത് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇക്കാര്യം ഉറപ്പ് വരുത്തുന്നതിന് ഒരു വിദ്യാർത്ഥിയുടെ അപേക്ഷയുടെയും ബന്ധപ്പെട്ട രേഖകളുടെയും കൂടെ പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) വിതരണം ചെയ്ത ലാപ്ടോപ്പുകളിൽ ഒരെണ്ണത്തിന്റെ പ്രൊഡക്റ്റ് ഐ.ഡി/സീരിയൽ നമ്പർ മാത്രമാണ് ഇൻവോയ്സിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റുള്ളവയുടേത് വ്യക്തമല്ലാത്ത വിധം ചെറുതായാണ് രേഖപ്പെടുത്തിയത്. വിതരണം ചെയ്ത ലാപ്ടോപ്പുകളുടെ മോഡൽ നം, പ്രൊഡക്റ്റ് ഐ.ഡി/സീരിയൽ നമ്പർ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ തന്നെ ഏത് വിദ്യാർത്ഥിക്ക് ഏത് ലാപ്ടോപ്പാണ് നൽകിയത് എന്നത് സംബന്ധിച്ച രേഖ ഗ്രാമപഞ്ചായത്തിൽ ഇല്ലാതെ വരികയും, കേടാവുന്ന മുറക്ക് ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ടാൽ ഓരോന്നിന്റെയും വാറണ്ടിയും സ്പെസിഫിക്കേഷനും കൃത്യമായി പരിശോധിക്കുന്നതിന് കഴിയാതെ വരുന്നതുമാണ്.

5) ജെം കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് ഫയലിൽ ഹാജരാക്കിയിട്ടില്ല.

6) ചരക്ക് സേവന നികുതി നിയമം വകുപ്പ് 51 പ്രകാരം നികുതി ഒഴികെയുള്ള 2.5 ലക്ഷം രൂപയേക്കാൾ കൂടിയ വാങ്ങലുകൾക്ക് 2% ജി.എസ്.ടി (ടി.ഡി.എസ്) ഈടാക്കേണ്ടതാണ്. എന്നാൽ ഈ വാങ്ങലിൽ ആയത് ചെയ്തിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.10/2022-23/18.11.23ന് അസി. സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രേഖകളിലും രജിസ്റ്ററുകളിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ആയത് വരെ തൻവർഷ ചെലവ് തുക 500000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാറോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാ തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷങ്ങളിലും നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ് നൽകാവുന്നതാണ്. ഇത് പ്രകാരം എഞ്ചിനിയറിംഗ് കോഴ്സിന് പഠിക്കുന്നവർക്ക് 25,000/- രൂപയും ബിരുദം, പോളി ടെക്നിക് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 20,000/- രൂപയും നൽകാവുന്നതാണ്.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്ട് നം. 199/23 - പട്ടികജാതി വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ : ₹16,55,000/- ( വികസന ഫണ്ട്-എസ്.സി.പി)

ചെലവ് : ₹16,55,000/-

(1) ₹14,85,000/- ബിൽ നം. 22151052033300912700/15.12.22

(2) ₹1,00,000/- ബിൽ നം. 22151052033301356779/15.03.23

(3) ₹70,000/- ബിൽ നം. 22151052033301574127/31.03.23

മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ, ക്രമ നം(1) ബിൽ പ്രകാരമുള്ള ചെലവിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) കോളേജ് ഓഫ് ഫൈൻ ആർട്സ് കേരള- തിരുവനന്തപുരം-ൽ രണ്ട് വർഷ MFA (Painting) കോഴ്സിന് പഠിക്കുന്ന ശ്രീ. അജയ്. കെ. പി എന്ന വിദ്യാർത്ഥിക്ക് 30,000/- രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം ടി വിദ്യാർത്ഥി 2019-2021 കാലയളവിലാണ് ടി കോളേജിൽ പഠിച്ചിട്ടുള്ളത് (നാലാം സെമസ്റ്റർ പരീക്ഷ 2022ലോ അതിന് മുൻപോ നടത്തുന്നതാണ് എന്നും സാക്ഷ്യപത്രത്തിൽ കുറിച്ചിട്ടുണ്ട്). മാർഗ്ഗ രേഖ പ്രകാരം കോഴ്സ് കാലാവധി വരെയുള്ള വർഷങ്ങളിൽ മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത്. എന്നാൽ ഈ വിദ്യാർത്ഥിക്ക് കോഴ്സ് കാലാവധി കഴിഞ്ഞ ശേഷമാണ് തുക അനുവദിച്ചത്. കോഴ്സ് കാലയളവിലല്ലാതെ സ്കോളർഷിപ്പ് അനുവദിച്ചത് സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ആയതിനാൽ ടി 30,000/- രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല.

2) റസിഡൻഷ്യൽ വുമൺസ് പോളിടെക്നിക് കോളേജ്, പയ്യന്നൂർ -ൽ മൂന്നാം സെമസ്റ്റർ കംപ്യൂട്ടർ എഞ്ചിനിയറിംഗ് ഡിപ്ലോമക്ക് പഠിക്കുന്ന അമിഷ കെ. പി. എന്ന വിദ്യാർത്ഥിനിക്ക് 25,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിച്ചത്. മാർഗ്ഗരേഖ പ്രകാരം പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും 20,000/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. 5,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

3) ഗവ. എഞ്ചിനിയറിംഗ് കോളേജ് വയനാട്-ൽ B.Tech Mechanical Engineering കോഴ്സിന് പഠിക്കുന്ന ശ്രീ. ആകാശ്. വി. ജി എന്ന വിദ്യാർത്ഥിക്ക് 20,000/- രൂപ മാത്രമാണ് സ്കോളർഷിപ്പ് അനുവദിച്ചത്. മാർഗ്ഗ രേഖ പ്രകാരം എഞ്ചിനിയറിംഗ് കോഴ്സിന് പഠിക്കുന്നവർക്ക് 25,000/- രൂപയാണ് അനുവദിക്കേണ്ടത്. 5,000/- രൂപ കുറവായിട്ടാണ് അനുവദിച്ചത്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/2022-23/20.11.23ന് അസി. സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഖണ്ഡിക പ്രകാരം സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം നൽകിയ 35,000/- രൂപ (30,000+5,000) തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## 1-19 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം പദ്ധതി - അപാകതകൾ.

പദ്ധതി : 202/23, പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വിതരണം

അടങ്കൽ, ചെലവ് : ₹3,52,184/- (₹2,63,325/- വികസന ഫണ്ട് SCP + ₹88,859/- ഗുണഭോക്തൃ വിഹിതം)

(1) ₹1,50,000/- ബിൽ നം. 22151052033301356810/15.03.23

(2) ₹1,13,325/- ബിൽ നം. 22151052033301574089/31.03.23

(3) ₹88,859/- വൗച്ചർ നം. 22201229/23.03.23

നിർവ്വഹണം : അസി.സെക്രട്ടറി

ഈ പദ്ധതി പ്രകാരം പട്ടികജാതി കുടുംബങ്ങൾക്ക് ടെണ്ടർ മുഖേന വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതാണ് ലക്ഷ്യം വെച്ചിരുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി, സിഡ്കോ മഞ്ചേരി-യുടെ ഇൻവോയ്സ് നം. MJRI/22-23 /134/28.12.22 പ്രകാരം 62 എണ്ണവും, MJRI/22-23/200/16.02.23 പ്രകാരം 47 എണ്ണവും ഉൾപ്പെടെ ആകെ 109 എണ്ണം 500 ലിറ്റർ കപ്പാസിറ്റിയുള്ള 3 ലെയർ വാട്ടർ ടാങ്കുകൾ, ഒന്നിന് 3,250/- രൂപ നിരക്കിൽ (ആകെ 3,54,250/- രൂപ ചെലവ് വരുമെങ്കിലും 3,52,184/- രൂപയാണ് അനുവദിച്ചത്) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ടെണ്ടർ മുഖേന വാട്ടർ ടാങ്ക് വാങ്ങി വിതരണം ചെയ്യുന്നതിനാണ് പദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ആയത് പാലിക്കാതെ സിഡ്കോ-യിൽ നിന്നും നേരിട്ട് വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തത്. വാട്ടർ ടാങ്കുകൾ സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങി നൽകാവുന്ന സാധനമല്ല. ആയതിനാൽ ഈ വാങ്ങലിന് ടെണ്ടർ നടപടികൾ സ്വീകരിക്കാതിരുന്നത് ക്രമപ്രകാരമല്ല.

2) വാട്ടർ ടാങ്കുകളുടെ വാറണ്ടി സംബന്ധിച്ച് ബന്ധപ്പെട്ട ഇൻവോയ്സുകളിൽ രേഖപ്പെടുത്തൽ ഒന്നും ഇല്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ സിഡ്കോയുമായി ചമച്ച കരാറിൽ വാറണ്ടി സംബന്ധിച്ച വ്യവസ്ഥ വെച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് വാറണ്ടി കാർഡ് വിതരണം ചെയ്തതിന്റെ രേഖയും ഫയലിൽ ഇല്ല. വാട്ടർ ടാങ്കുകൾക്ക് വർഷങ്ങളുടെ വാറണ്ടി ഉണ്ടായിരിക്കുമെന്നിരിക്കെ വാറണ്ടി ഉറപ്പ് വരുത്താതെ വാങ്ങൽ നടത്തിയത് വീഴ്ചയാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 24/2022-23/20.11.23ന് അസി. സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും വാറണ്ടി സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവ് സംബന്ധിച്ച അപാകതക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 352184/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് വരുമാന നഷ്ടത്തിന് കാരണമാകുന്നു.

ഗ്രാമപഞ്ചായത്തിലേയ്ക്ക് ഓൺലൈൻ ഇടപാടുകൾ മുഖേന പണം സ്വീകരിക്കുന്നതിനായി ഉപയോഗിക്കുന്ന SBI രാമനാട്ടുകര ബ്രാഞ്ചിലെ 36166115881 നമ്പർ അക്കൗണ്ടിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 തീയ്യതിയിൽ 1,17,48,778/- രൂപയും, 31.10.2023 തീയ്യതിയിൽ 1,38,06,964/- രൂപയും നീക്കിയിരുപ്പ് ഉണ്ട്. 31.03.2023 ല നീക്കിയിരിപ്പ് തുകയിൽ 30 ലക്ഷം രൂപ ICDS ഫണ്ടാണെന്ന് ഇത് സംബന്ധിച്ച അന്വേഷണത്തിന് അക്കൗണ്ടന്റ് വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. ഇത് ഒരു പലിശ രഹിത കറന്റ് അക്കൗണ്ട് ആയതിനാൽ ഈ അക്കൗണ്ടിൽ ഭീമമായ തുക നീക്കിയിരിപ്പ് അവശേഷിച്ചതുവഴി ഗ്രാമപഞ്ചായത്തിന് പലിശയിനത്തിൽ ലഭിക്കേണ്ടിയിരുന്ന വരവ് നഷ്ടമാകുന്നതിന് കാരണമായിട്ടുണ്ട്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്.

ധനകാര്യ സ്ഥിരംസമിതിയുടെ 07.06.2021 തീയതിയിലെ യോഗത്തിൽ, ഈ അക്കൗണ്ടിൽ അന്ന് 51 ലക്ഷത്തിലധികം രൂപ നീക്കിയിരുപ്പ് ഉണ്ടായിരുന്നതിൽ നിന്നും 50 ലക്ഷം രൂപ പിൻവലിച്ച് ചേലേമ്പ്ര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിരനിക്ഷേപമാക്കി മാറ്റുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് 2ാം നമ്പറായി തീരുമാനമെടുത്തിരുന്നെങ്കിലും ഈ നടപടി പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലെ വലിയ തുക പലിശരഹിത അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 29/21.11.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന് പലിശ വരുമാനം ലഭിക്കാനുതകുന്ന രീതിയിൽ ഈ തുക പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തികൾ - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2022-23 വർഷത്തിൽ നടപ്പാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം തുക കെ.എസ്.ഇ.ബി/ഭൂജല വകുപ്പ്/ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ / പേര് | തുക അടവാക്കിയ സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 316/23 പൈങ്ങോട്ടൂർ മിനി സ്റ്റേഡിയം കുഴൽകിണർ അനുബന്ധ പ്രവർത്തനങ്ങൾ | ജില്ലാ ഓഫീസർ, ഭൂജല വകുപ്പ്, മലപ്പുറം | അടങ്കൽ : 2,61,000/- രൂപ<br>വൗച്ചർ നമ്പർ : 22201070/22.02.2023<br>ചെലവ് തുക : 2,61,000/- രൂപ |

| | | |
|---|---|---|
| | | ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 224/23 തോട് തുറക്കൽ കുളം റോഡിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ചേളാരി | അടങ്കൽ : 80,000/- രൂപ<br>വൗച്ചർ നമ്പർ : 22200927/11.01.2023<br>ചെലവ് തുക : 60,989/- രൂപ<br>ഫണ്ട് : തനത് ഫണ്ട് |
| 304/23 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ചേളാരി : ₹2,33,664/-<br>കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, ചേളാരി : ₹2,58,538/- | അടങ്കൽ : 4,92,202/- രൂപ<br>ചെലവ് തുക : 4,92,202/- രൂപ<br>ബിൽ റഫറൻസ് നമ്പർ : 2215105200280096l674/27.12.2022<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |
| 319/23 കാക്കഞ്ചേരി ചേലൂപാടം എന്നീ രണ്ട് അങ്കണവാടി കെട്ടിട നിർമ്മാണ പ്രവൃത്തികൾ - ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നൽകൽ | ബ്ലോക്ക് പഞ്ചായത്ത്, കൊണ്ടോട്ടി | അടങ്കൽ : 8,22,000/- രൂപ<br>ചെലവ് തുക : 7,83,024/- രൂപ<br>ACR ബിൽ നമ്പർ : 262/04.02.2023 – ₹4,83,024/-<br>423/28.03.2023 – ₹3,00,000/-<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |
| **ആകെ ചെലവ് തുക** | | **₹15,97,215** |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14/18.11.2023) മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തികളുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 15,97,215/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 പത്ര പരസ്യ ചാർജ് – ഡിസ്കൗണ്ട് ലഭിച്ചില്ല

സർക്കാർ വകുപ്പുകൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O (Rt) No.288/14/I&PRD Dated: 10.09.2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. എന്നാൽ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ആന്റ് ഡോക്യുമെന്റേഷൻ എന്ന പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി (SO 32/23, 109/23) ഗ്രാമ പഞ്ചായത്ത് നൽകിയ ചുവടെ ചേർക്കുന്ന പരസ്യ ചാർജുകളിൽ സ്ഥാപനത്തിന് ലഭിക്കേണ്ട ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

പത്രത്തിന്റെ പേര് : മലയാള മനോരമ ദിനപത്രം

| വൗച്ചർ നമ്പർ / തിയ്യതി | ഇൻവോയ്സ് നമ്പർ/ തിയ്യതി | പരസ്യം നൽകിയ തിയ്യതി/വിഷയം | പരസ്യ ചാർജ് (₹) (5% GST ഉൾപ്പെടെ) | ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് 15% (നികുതി ഒഴികെയുള്ള തുകക്ക്) (₹) |
|---|---|---|---|---|
| 22200545/27.09.2022 – ₹8,846/- | (KB0428008346/13.05.2022) | 13.05.2022/ ക്വട്ടേഷൻ പരസ്യം | 2,514 | 359<br>(2,394 X 15%) |
| | (KD0432005232/09.07.2022) | 09.07.2022/ സ്ഥലം വാങ്ങൽ അറിയിപ്പ് പരസ്യം | 4,536 | 648<br>(4,320 X 15%) |
| | (KD0432000062/01.07.2022) | 01.07.2022/ ക്വട്ടേഷൻ പരസ്യം | 1,796 | 257<br>(1,710 X 15%) |
| 22200199/11.06.2022 – ₹3,592/- | (EL0446017521/25.02.2022) | 25.02.2022/ ടെണ്ടർ പരസ്യം | 1,796 | 257<br>(1,710 X 15%) |

| | | | | |
|---|---|---|---|---|
| | (KA0426004541/08.04.2022) | 08.04.2022/ റീ ടെണ്ടർ പരസ്യം | 1,796 | 257 (1,710 X 15%) |
| 22100772/31.03.2022 – ₹9,168/- | (KM0448016413/23.03.2022) | 23.03.2022/ ടെണ്ടർ പരസ്യം | 1,796 | 257 (1,710 X 15%) |
| | (KK0444010908/15.01.2022) | 15.01.2022/ ടെണ്ടർ പരസ്യം | 1,796 | 257 (1,710 X 15%) |
| | (KM0448010891/16.03.2022) | 16.03.2022/ ക്വട്ടേഷൻ പരസ്യം | 3,780 | 540 (3,600 X 15%) |
| | (EL0446011884/18.02.2022) | 18.02.2022/ ടെണ്ടർ പരസ്യം | 1,796 | 257 (1,710 X 15%) |
| 22200798/07.12.2022 – ₹5,387/- | (KG0438012800/19.10.2022) | 19.10.2022/ ഇ ടെണ്ടർ പരസ്യം | 3,232 | 462 (3,078 X 15%) |
| | (KH0440000382/02.11.2022) | 02.11.2022/ ക്വട്ടേഷൻ പരസ്യം | 2,155 | 308 (2,052 X 15%) |
| 22200963/25.01.2023 - ₹20,805/- | (KH0440016640/26.11.2022) | 26.11.2022/ ഇ ടെണ്ടർ പരസ്യം | 3,780 | 540 (3,600 X 15%) |
| | (KJ0442000069/01.12.2022) | 01.12.2022/ ടെണ്ടർ - ക്വട്ടേഷൻ പരസ്യം | 2,155 | 308 (2,052 X 15%) |
| | (KJ0442009999/16.12.2022) | 16.12.2022/ ഇ ടെണ്ടർ പരസ്യം | 3,780 | 540 (3,600 X 15%) |
| | (KJ0442010287/17.12.2022) | 17.12.2022/ ടെണ്ടർ പരസ്യം | 2,155 | 308 (2,052 X 15%) |
| | (KJ0442014831/24.12.2022) | 24.12.2022/ ഇ ടെണ്ടർ പരസ്യം | 3,780 | 540 (3,600 X 15%) |
| | (KK0444000055/01.01.2023) | 01.01.2023/ ഇ ടെണ്ടർ പരസ്യം | 2,155 | 308 (2,052 X 15%) |
| 22201030/07.02.2023 – ₹4,795/- | (KK0444003161/06.01.2023) | 06.01.2023/ റീ ടെണ്ടർ പരസ്യം | 2,155 | 308 (2,052 X 15%) |
| **ആകെ ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് തുക** | | | | **6,711** |

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 15/18.11.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിന് ലഭ്യമാവേണ്ടിയിരുന്ന ഡിസ്കൗണ്ട് ലഭ്യമാവാത്തതിന് വിശദീകരണം നൽകേണ്ടതും, തുടർ വർഷങ്ങളിൽ പത്ര പരസ്യങ്ങൾക്ക് തുക നൽകുമ്പോൾ ഡിസ്കൗണ്ട് ലഭ്യമായി എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-23 വൗച്ചർ അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 2022-23 വർഷത്തെ തനത് ഫണ്ട് വൗച്ചർ/പ്രൊജക്ട് ചെലവുകളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന ചെലവുകളുടെ അനുബന്ധ രേഖകൾ, വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ / തിയ്യതി | തുക (₹) | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 22200986/31.01.2023 | 25,000 | അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയ തുക -ശുചിത്വ മിഷൻ | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 22201067/17.02.2023 | 5,000 | മലപ്പുറം ജില്ല ടെക്നിക്കൽ ഹൈസ്കൂൾ സ്പോർട്സ് മീറ്റിന് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയ തുക – സൂപ്രണ്ട്/ജന. കൺവീനർ, AKTHS Athlete Meet 2023 | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| **ആകെ** | **30,000** | | |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 26/21.11.2023) മറുപടി ലഭ്യമാക്കിയില്ല. കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 30,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-24 സിഡ്കോയിൽ നിന്നും നേരിട്ടുള്ള പർച്ചേസ് – ക്രമപ്രകാരമല്ല

നിർവ്വഹണം - സെക്രട്ടറി

പ്രൊജക്ട് - 284/23 (ഘടക സ്ഥാപനങ്ങൾക്ക് ഫർണിച്ചർ)

അടങ്കൽ തുക - ₹2,00,000/-

ചെലവ് തുക - ₹2,00,000/-

ഫണ്ട് - മെയിന്റനൻസ് ഫണ്ട് (റോഡിതരം)

ബിൽ റഫറൻസ് നമ്പർ - 22151052002801229747/23.02.2023 – ₹1,94,825/-

ബിൽ റഫറൻസ് നമ്പർ - 22151052002801416745/21.03.2023 – ₹5,175/-

മേൽ പ്രൊജക്ട് പ്രകാരം സിഡ്കോയിൽ നിന്ന് 2,00,000/- രൂപക്ക് ടെണ്ടർ കൂടാതെ ഫർണ്ണിച്ചർ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഫർണ്ണിച്ചറിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഇൻവോയ്സ് നമ്പർ : MJRI/22-23 /196/09.02.2023)

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് (₹) (ജി.എസ്.ടി ഒഴികെ) | ആകെ തുക (₹) | 18% ജി.എസ്.ടി ഉൾപ്പെടെ തുക (₹) |
|---|---|---|---|---|---|
| 1 | Office Table<br>Made Out Of Particle Board With 1 Drawer 1 Cupboard With Sliding Key Board Size: 150x75x75 Cm | 2 | 7,995 | 15,990 | 18,868.2 |
| 2 | Office Table<br>Made Out Of Particle Board With 1 Drawer 1 Cupboard With Sliding Key Board Size: 120x75x75 Cm | 4 | 7,055 | 28,220 | 33,299.6 |
| 3 | Examination Table<br>Made Out Of MS Frame And SS Top Size: 182x53x81 Cm | 1 | 9,265 | 9,265 | 10,932.7 |
| 4 | Foot Step Double<br>Made Out Of MS.2 Steps Size: 45x22x25 Cms | 1 | 1,357 | 1,357 | 1,601.26 |
| 5 | Chair<br>Made Out Of Mahagani Wood With Cushion Seat Size: 85x45x50 Cms | 2 | 4,661 | 9,322 | 10,999.96 |
| 6 | Foot Step<br>Plastic Foot Step For Pharmacy | 1 | 2,064 | 2,064 | 2,435.52 |

| | | | | | |
|---|---|---|---|---|---|
| 7 | Armless Fibre Chair | 80 | 390 | 31,200 | 36,816 |
| 8 | Armed Fibre Chair | 4 | 580 | 2,320 | 2,737.6 |
| 9 | Revolving Chair – Medium Back | 3 | 3,628 | 10,884 | 12,843.12 |
| 10 | Steel Cabinet With Locker 198cm X 90 Cm X 45 Powder Coated | 2 | 13,876 | 27,752 | 32,747.36 |
| 11 | Fibre Stool | 2 | 350 | 700 | 826 |
| 12 | Steel Bench And Desk<br>Bench 180x30x30 Cm<br>Desk 180x40x55 Cm | 4 | 6,508 | 26,032 | 30,717.76 |
| **ആകെ തുക** | | | | | **1,94,825.08** |

(ഇൻവോയ്സ് നമ്പർ : MJRI/22-23/201/16.02.2023)

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിറ്റ് പ്രൈസ് (₹) (ജി.എസ്.ടി ഒഴികെ) | ആകെ തുക (₹) | 18% ജി.എസ്.ടി ഉൾപ്പെടെ തുക (₹) |
|---|---|---|---|---|---|
| 10 | Steel Cabinet With Locker 198cm X 90 Cm X 45 Powder Coated | 1 | 13,876 | 13,876 | 16,373.68 |
| **ആകെ തുക (Limited To)** | | | | | **5,175** |

സ്റ്റോർ പർചേയ്സ് ഡിപ്പാർട്ട്മെന്റിന്റെ ജി.ഒ (ആർ.ടി) 26/2015/SPD തിയതി: 28.05.2015, സ.ഉ (സാധാ) 97/2022/SPD തിയതി: 23.12.2022 എന്നിവ പ്രകാരം തദ്ദേശ സ്ഥാപനങ്ങൾക്ക് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും അവയുടെ വില വിവരവും വ്യക്തമാക്കിയിട്ടുണ്ട്. ഉത്തരവിലെ അനുബന്ധമായി ഉൾപ്പെട്ടിട്ടുള്ള സാധനങ്ങൾ അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ/ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായി മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭരണം നടത്താൻ പാടുള്ളൂ എന്ന് ഉത്തരവിന്റെ ഖണ്ഡിക 3 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ പട്ടികയിലെ ക്രമ നമ്പർ 3 ൽ ഉൾപ്പെട്ട ഫർണ്ണിച്ചർ (Examination Table) ഒഴികെയുള്ള ഫർണിച്ചർ ഇനങ്ങൾ ഒന്നും മേൽ ഉത്തരവിന്റെ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

വാങ്ങിയ ഫർണിച്ചറുകൾ ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് വിതരണം ചെയ്തത് എന്ന വിവരവും ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഫർണിച്ചറുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, അവയുടെ വിശദമായ സ്പെസിഫിക്കേഷൻ, വില വിവരം എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മാത്രവുമല്ല ആയവ ആർക്കാണ് ഇഷ്യൂ ചെയ്തത് എന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ ഫർണിച്ചർ ഇനങ്ങൾ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ സിഡ്കോയിൽ നിന്നു നേരിട്ട് പർച്ചേസ് ചെയ്തതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 18/20.11.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായ പർച്ചേസിന് വിശദീകരണം ലഭ്യമാക്കാത്തതിനാലും, വിശദ വിവരം ഉൾപ്പെട്ട സ്റ്റോക്ക്/ഇഷ്യൂ രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും ചെലവ് തുക 2,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 എസ്.എസ്.എ വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് മുഖേന താഴെ പറയും പ്രകാരം ₹ 5,00,000/- State Project Director, Samagra Siksha Kerala ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| എസ്.എസ്.എ അടവാക്കൽ 100/23 | ₹5,00,000<br>(അടങ്കൽ തുക : ₹5,00,000) | 22151052002800572260/24.09.2022<br>(വികസന ഫണ്ട് ജനറൽ) |

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ)നം .84/2022/ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6 (3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ. (സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ

പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്റ്റ് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6 (4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ, പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്റ്റ് ഓഫീസർ അറിയിക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ/വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിന് നൽകിയിട്ടില്ല.

രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 19/20.11.2023) മറുപടി ലഭ്യമാക്കിയില്ല. വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പകർപ്പ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 5,00,000/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 തെരുവ് വിളക്ക് സ്ഥാപിക്കൽ - പ്രൊജക്റ്റ് നടത്തിപ്പിലെ അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രൊജക്റ്റ് വഴി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവു വിളക്ക് സ്ഥാപിക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | അടങ്കൽ തുക (₹)/ ഫണ്ടിനം | ചെലവു തുക (₹) (വൗച്ചർ നമ്പർ/BRN നമ്പർ) | സ്ഥാപിച്ച വിളക്കുകൾ | കുറിപ്പ് |
|---|---|---|---|---|
| 38/23 ചേലേമ്പ്ര പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 4,43,300 (വികസന ഫണ്ട് - ജനറൽ) | 4,43,039/-<br>ബിൽ റഫറൻസ് നമ്പർ : 221510200280064295/11.10.2022 | • 25 W LED ലൈറ്റുകൾ 92 എണ്ണം - Automatic (@₹1,560/- Per One Light)<br>• 25 W LED ലൈറ്റുകൾ 192 എണ്ണം - Manual (@₹1,560/- Per One Light) | ടെണ്ടർ ക്ഷണിച്ച്, ഉഷാ ഇലക്ട്രോണിക്സ്, ക്ലറനാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പർച്ചേസ് നടത്തി. (ഇൻവായ്സ് നമ്പർ 2122/INV/50115 Dt: 17.03.2022) |
| 44/23 പതിനൊന്നാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 (തനത് ഫണ്ട്) | 99,840/-<br>വൗച്ചർ നമ്പർ : 22200611/13.10.2022 | 25 W LED ലൈറ്റുകൾ 64 എണ്ണം - Automatic (@₹1,560/- Per One Light) | ടെണ്ടർ ക്ഷണിച്ച്, ഉഷാ ഇലക്ട്രോണിക്സ്, ക്ലറനാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പർച്ചേസ് നടത്തി. (ഇൻവായ്സ് നമ്പർ 2122/INV/50116 Dt: 17.03.2022) |
| 290/23 സ്ട്രീറ്റ് ലൈറ്റ് പുതിയത് സ്ഥാപിക്കൽ | 3,00,000 (തനത് ഫണ്ട്) | 2,25,400/-<br>വൗച്ചർ നമ്പർ : 222010-80/22.02.2023 – ₹1,95,400/-<br>222001232/22.03.2023 – ₹30,000/- | • 18 W LED ലൈറ്റുകൾ With Accessories 200 എണ്ണം (@₹977/-) | ടെണ്ടർ ക്ഷണിച്ച്, ആർട്ടിസ് ലാംപ്, ഐക്കരപ്പടി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് പർച്ചേസ് നടത്തി. |

| | | | | |
|---|---|---|---|---|
| | | | Per One Light)<br>· Installation Charge 200 എണ്ണം (@₹150/-) | (ഇൻവായ്സ് നമ്പർ 8/10.02.2023). വിളക്ക് സ്ഥാപിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ശ്രീ. യൂനസ് സലീം എന്ന വ്യക്തിക്ക് പ്രവൃത്തി നൽകി. |

സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് വാർഡിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല.

2. പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ വാർഡ് തിരിച്ച്, ഇനം, വിവരം, ലൊക്കേഷൻ, വാറണ്ടി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി തെരുവുവിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. എല്ലാ വാർഡിലും നിലവിലുള്ള വിളക്കുകൾ (പ്രവർത്തിക്കുന്നതും/പ്രവർത്തിക്കാത്തതും) സംബന്ധിച്ച്, മിനി/ഹൈ മാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെ മുഴുവൻ വിവരവും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ലഭ്യമാക്കിയ റിപ്പയർ രജിസ്റ്റർ പൂർണ്ണമല്ല. പ്രവർത്തന രഹിതമായ വിളക്കിന്റെ വിവരം, ലൊക്കേഷൻ, റിപ്പയർ ചെയ്തതിന്റെ വിവരം, കരാറുകാരന്റെ സാക്ഷ്യപ്പെടുത്തൽ എന്നീ വിശദാംശങ്ങൾ ഇല്ല.

4. കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ. സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ തി. 15.09.2011)

5. കരാർ പ്രകാരം വിളക്കുകൾക്ക് 2 വർഷം വാറണ്ടി ഉണ്ട്. വാറണ്ടി പിരീഡിൽ തെരുവുവിളക്കുകൾക്ക് ഉണ്ടാകുന്ന സാങ്കേതിക തകരാറുകൾ സ്ഥാപനം പരിഹരിക്കേണ്ടതാണ്. ഈ ആവശ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. പൊതു ജനങ്ങൾക്കും, മെമ്പർമാർക്കും ഉൾപ്പെടെ തെരുവു വിളക്കുകളുടെ കംപ്ലയിന്റുകൾ രേഖപ്പെടുത്തുന്നതിന് കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 27/21.11.2023) മറുപടി ലഭ്യമാക്കിയില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും, രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 KMSCLൽ നിന്നും മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ, തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകളിൽ ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ, പേര് | BR നമ്പർ/തിയ്യതി | പ്രഫോർമ ഇൻവോയിസ് നം./തി. | മരുന്നിനായി നല്കിയ തുക (₹) | ലഭ്യമായത് (₹) | ശേഷിക്കുന്നത് (₹) |
|---|---|---|---|---|---|---|
| 1 | പരിരക്ഷ (13/23) (ആകെ അടങ്കൽ ₹ 8,00,000/- ആകെ ചെലവ് - ₹7,99,985) | 2215105203720 0579714/5.8.22 | PRF507/29.6.22 | 4,86,636 (MG-NR) | 4,75,450 | 11,186 |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് വിവരം സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതം സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കേണ്ടതാണെന്നറിയിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 11/18.11.23 ന മരുന്നുകൾ ലഭ്യമാക്കാൻ പല തവണയായി റിമൈൻഡർ അയച്ചതായി അറിയിക്കുകയും അവസാനം അയച്ച കത്ത് നം. 286/2023/തി.10.11.23 ന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കുകയും ചെയ്തു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.

## 1-28 ഹോമിയോ മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ താഴെ കൊടുത്ത പദ്ധതിയിൽ ഹോമിയോ മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലി.,ആതിരപ്പള്ളി, ആലപ്പുഴ എന്ന സ്ഥാപനത്തിനു 2 ലക്ഷം രൂപ നൽകിയിട്ടുണ്ട്. എന്നാൽ മുഴുവൻ മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലുകളിൽ ഇല്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട്, പേര്, നമ്പർ | ബിൽ നമ്പർ/തിയ്യതി | പ്രഫോർമ ഇൻവോയിസ് നം. / തി | മരുന്നിനായി നല്കിയ തുക (₹)/ ഫണ്ടിനം | ലഭ്യമായത് (₹) | ഇൻവോയിസ് നം. / തി | ശേഷിക്കുന്നത് (₹) |
|---|---|---|---|---|---|---|
| ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ (21/23) (ആകെ അടങ്കൽ& ചെലവ് - ₹2,00,000) | 3/22-23/ 16.12.22 | PF513/8.10.22 | 2,00,000 (MG NR) | 1,20,282 | LF-1614/6.10.23 | 64,088 |
| | | | | 15,630 | LF-829 തി 3.8.23 | |
| **ആകെ** | | | **2,00,000** | **1,35,912** | | **64,088** |

ശേഷിക്കുന്ന മരുന്നുകൾ ലഭ്യമായതിന്റെ സ്റ്റോക്ക് വിവരം സാക്ഷ്യപ്പെടുത്തിയ ഇൻവോയ്സ് സഹിതം സ്റ്റോക്ക് വിതരണ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 2/15.11.23ന് മറുപടി ലഭ്യമായിട്ടില്ല)

## 1-29 ഹരിത കർമ്മസേന - പ്രവർത്തന അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊലൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ 2019 മാർച്ച് 11 നാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. 18 വാർഡുകളുള്ളതിൽ തുടക്കത്തിൽ 23 ഉം നിലവിൽ 33 ഉം അംഗങ്ങൾ ഹരിതകർമസേനയിൽ പ്രവർത്തിയ്ക്കുന്നുണ്ട്. അംഗങ്ങളുടെ പ്രവർത്തനം മുഴുവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്.

ഓഡിറ്റ് വർഷത്തിൽ (2022-23) ഹരിത കർമ്മസേനയുമായി ബന്ധപ്പെട്ട് താഴെ കൊടുത്ത പ്രൊജക്ടുകൾ പ്രകാരം 13,78,369/- രൂപ ചെലവ് വന്നിട്ടുണ്ട്.

| ക്ര. ന. | പ്രോജക്ട് നമ്പർ, പേര് | നിർവഹണം | ചെലവഴിച്ച തുക (₹) | ഫണ്ടിനം |
|---|---|---|---|---|
| 1 | 8/23 - ഹരിതകർമ്മസേനക്ക് സുരക്ഷാ ഉപകരണങ്ങൾ വാങ്ങൽ | സെക്രട്ടറി | 1,07,091 | സി.എഫ്.സി - ടൈഡ് ഫണ്ട് |
| 2 | 10/23 - എം.സി.എഫ് കെട്ടിട വാടക, ഹരിതകർമ്മസേന വാഹനം ഇന്ധനചെലവ് അറ്റകുറ്റപണി | സെക്രട്ടറി | 38,395 | സി.എഫ്.സി - ടൈഡ് ഫണ്ട് |

| | | | | |
|---|---|---|---|---|
| 3 | 28/23 - ഹരിതകർമ്മസേന വാഹന ഡ്രൈവർ - വേതനം | സെക്രട്ടറി | 1,53,000 | തനത് ഫണ്ട് |
| 4 | 29/23 – മാലിന്യ സംസ്കരണം-എം.സി.എഫിന് സ്ഥലം ഏറ്റെടുക്കൽ വാഹന വാടക -SO | സെക്രട്ടറി | 2,34,389 | സി.എഫ്.സി - ടൈഡ് ഫണ്ട് |
| 5 | 42/23 – ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ-SO | സെക്രട്ടറി | 43,494 | സി.എഫ്.സി - ടൈഡ് ഫണ്ട് |
| 6 | 11/23 – മാലിന്യ സംസ്കരണം ക്ളീൻ ചേലേമ്പ്ര | വി.ഇ.ഒ | 8,02,000 | സി.എഫ്.സി - ടൈഡ് ഫണ്ട് |
| | | **ആകെ** | **13,78,369** | |

ഇതു കൂടാതെ ഹരിത കർമ്മ സേനാംഗങ്ങളുടെ ഇൻഷ്വറൻസ് ഇനത്തിൽ 18,262/- രൂപയും ചെലവഴിച്ചിട്ടുണ്ട് (വൗച്ചർ 22200957 തി. 19.01.23). ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കേരള ഗ്രാമീൺ ബാങ്ക് ചേലേമ്പ്ര ശാഖയിൽ 40156101064795 നമ്പർ ആയി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക്/ ക്യാഷ് ബുക്ക് പ്രകാരം 31.3.2023 ന് 1,20,774/- രൂപയാണ് നീക്കിയിരിപ്പ്.

2022-23 വർഷത്തിൽ ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം ഹരിത കർമ്മസേനയുടെ വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

| വരവ് (₹) | | | | ചെലവ് (₹) | |
|---|---|---|---|---|---|
| **മാസം** | **യൂസർ ഫീ** | **ആക്രി വില്പന** | **ആകെ** | **സാലറി** | **റിമാർക്സ്** |
| 4/2022 | 32,090 | 34,530 | 66,620 | 66,900 | |
| 5/2022 | 45,435 | 47,800 | 93,235 | 93,600 | |
| 6/2022 | 90,430 | 28,760 | 1,19,190 | 1,15,650 | |
| 7/2022 | 62,260 | 40,900 | 1,03,160 | 99,660 | |
| 8/2022 | 66,700 | 49,942 | 1,16,642 | 1,29,030 | |
| 9/2022 | 45,990 | 44,963 | 90,953 | 96,030 | |
| 10/2022 | 63,470 | 46,082 | 1,09,552 | 1,09,890 | |
| 11/2022 | 1,30,310 | 35,892 | 1,66,202 | 1,51,635 | |
| 12/2022 | 1,33,057 | 11,250 | 1,44,307 | 1,42,560 | |
| 1/2023 | 1,09,670 | 58,400 | 1,68,070 | 1,69,800 | |
| 2/2023 | 1,23,275 | 44,122 | 1,67,397 | 1,62,755 | |
| 3 /2023 | 1,36,740 | 1,01,010 | 2,37,750 | 2,10,250 | |
| **ആകെ** | **10,39,427** | **5,43,651** | **15,83,078** | **15,47,760** | |

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിലെ വസ്തുതകൾ താഴെ ചേർക്കുന്നു.

മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. നിലവിൽ 2 വാടക കെട്ടിടങ്ങളിലായാണ് എം സി എഫ് പ്രവർത്തിച്ചു വരുന്നത്. ആയതിൽ തന്നെ മതിയായ ഓഫീസ് സൗകര്യങ്ങളോ ഫർണിച്ചറോ വൈദ്യുതിയോ ലഭ്യമല്ല. ആയതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കാൻ പോലും പരിമിതികൾ നേരിടുന്നുണ്ട്. 2 വാടക കെട്ടിടങ്ങളിൽ ഒന്നായ പുതിയതായി വാടകക്ക് എടുത്ത കൊളക്കത്ത് എം സി എഫിലും അടിസ്ഥാന സൗകര്യങ്ങൾ പൂർണമായും ലഭ്യമല്ല.

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണമുള്ള എം.സി.എഫുകളും നിർമ്മിക്കുകയോ വാടകക്ക് ഏർപ്പെടുത്തിയിരിക്കുകയോ വേണം. 16 മിനി എം.സി.എഫുകൾ നിലവിലുണ്ട്. സ്ഥലം വാങ്ങുന്നതിന്ന് തൻവർഷം പദ്ധതി ആവിഷ്കരിച്ചെങ്കിലും ലക്ഷ്യം പൂർത്തീകരിക്കാനായിട്ടില്ല. ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവയും നിലവിലില്ല. ഒരു വാഹനം മാത്രമാണ് നിലവിലുള്ളത് എന്നതിനാലും യഥാസമയം എല്ലാ വാർഡിലും എത്തിച്ചേരൽ പ്രയാസകരമായതിനാലും നിലവിൽ വാടകക്ക് വാഹനം ഏർപ്പാടാക്കുകയാണ് ചെയ്തു വരുന്നത്.

മാലിന്യസംസ്കരണം തുടർച്ചയായി ചെയ്ത് വരേണ്ട പ്രവൃത്തിയും പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെട്ടതുമാണ്. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം മാലിന്യ ശേഖരണത്തിന് നിശ്ചിത വലുപ്പത്തിലുള്ള സഞ്ചി/ ചാക്ക് ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണെന്ന് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2 തവണയായി ആയത് വിതരണം ചെയ്തിട്ടുണ്ട്.

മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, സ്ക്രാപ്പ് ഇനങ്ങൾ വിറ്റ് കിട്ടുന്ന തുകയുമാണ് വരുമാന മാർഗം . മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച തുണി സഞ്ചി, ചാക്ക്, പേപ്പർ ബാഗ് നിർമാണ യൂണിറ്റ് (ചിക്കു ടൈലറിംഗ് യൂണിറ്റ്) പ്രാരംഭ ഘട്ടത്തിലാണുള്ളത് . 2023-24 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് എസ്.സി ഫണ്ട് ഉപയോഗിച്ച് മെഷിനറികൾ വാങ്ങി സ്ഥാപിച്ചതല്ലാതെ ആയതുമായി ബന്ധപ്പെട്ട അസംസ്കൃത വസ്തുക്കൾ, മതിയായ പരിശീലന പരിപാടികൾ എന്നിവ ലഭ്യമായിട്ടില്ല. നിലവിൽ എം.സി.എഫിലെ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് അവിടേക്ക് തന്നെ ആവശ്യമായ ചാക്കുകൾ മാത്രമാണ് നിർമിച്ച് വരുന്നത്. അസംസ്കൃത വസ്തുക്കൾക്കുള്ള ഫണ്ടും മതിയായ പരിശീലനവും ലഭ്യമായാൽ മാത്രമേ ലോണധിഷ്ഠിതമായ യൂണിറ്റ് പൂർണമായും പ്രവർത്തനക്ഷമമാകുകയുള്ളൂ. മാലിന്യ സംസ്കരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ മേഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഉചിതമായ തുടർ നടപടി ഉറപ്പ് വരുത്തേണ്ടതുണ്ട്.

ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ:

1. വീട് ഒന്നിന് 50 രൂപയും കട ഒന്നിന് 100 രൂപയും യൂസർ ഫീ ആയി പ്രത്യേകം രസീതി ബുക്കുകൾ അച്ചടിച്ച് പിരിവു നടത്തുന്നുണ്ടെങ്കിലും രസീതി ബുക്കുകൾ സ്റ്റോക്കിലെടുക്കുകയോ വിതരണ ബാലൻസ് വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തു വരുന്നില്ല.
2. യൂസർ ഫീ നൽകാത്തവരിൽ നിന്നും കുടിശിക വരുത്തിയവരിൽ നിന്നും ആയത് വസ്തു നികുതി കുടിശികയായി ഈടാക്കാൻ GO(Rt)No.789/2023/LSGD Dtd.31.3.23 പ്രകാരം നിർദേശമുണ്ടെങ്കിലും ആയത് നടപ്പിൽ വരുത്തിയ ഭരണ സമിതി തീരുമാനം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
3. ഹരിത കർമ്മസേനയുടെ തൊഴിലാളികളുടെ ഹാജർ, ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.
4. വരവ് ചെലവ് കണക്കുകളുടെ മാസാന്ത, വർഷാന്ത സംഗ്രഹം തയാറാക്കി ആയത് ചാർജ്ജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.
5. എം.സി.എഫ് സ്ഥലം വാങ്ങൽ പ്രൊജക്റ്റ് / എം.സി.എഫ് കെട്ടിടം സ്ഥിര സംവിധാനം നടപ്പിലായിട്ടില്ല.
6. ഹരിത കൺസോർഷ്യം രൂപീകരിച്ചതിന്റെയോ നിർദിഷ്ട ഇടവേളകളിൽ യോഗം ചേരുന്നതിന്റെയോ വിവരങ്ങൾ ലഭ്യമായിട്ടില്ല. കൺസോർഷ്യ ത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ആയതുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ഓഡിറ്റിനു ലഭ്യമായിട്ടില്ല.

അപാകതകൾ പരിഹരിക്കാൻ കൈകൊണ്ട നടപടികളുടെ വിശദാംശം അറിയിക്കേണ്ടതും ഇക്കാര്യങ്ങളിലെ നിലവിലെ സ്ഥിതി/പുരോഗതി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.22/20-11-2023 ന് മറുപടി ലഭ്യമായിട്ടില്ല).

## 1-30 ആസ്തി സംരക്ഷണം - രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിന് താഴെ കൊടുക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഹാജരാക്കിയിട്ടില്ല.

**എ)** പഞ്ചായത്ത് ഡയറക്ടറുടെ 08.11.2018- ലെ സി 2-15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ കൺവീനറും, പ്രസിഡന്റ് / വികസന സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷനുമായി ജന പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് ആസ്തികൾ സംബന്ധിച്ച സ്ഥിതിഗതികൾ വിലയിരുത്തേണ്ടതും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. പഞ്ചായത്തിൽ മേൽ നിർദ്ദേശപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ മിനുട്സ്.

**ബി)** പദ്ധതി മാർഗരേഖ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി 19.4.2022 ഖണ്ഡിക 6.8പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തകളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണം. റോഡിതര മെയ്ന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകളാണ് തയ്യാറാക്കേണ്ടത്. സ്ഥാപനങ്ങളിൽ ആധുനിക സംവിധാനങ്ങളും സജ്ജീകരണങ്ങളും ഏർപ്പെടുത്തുന്നതിനും, ഘടക സ്ഥാപങ്ങൾ പ്രദാനം

ചെയ്യുന്ന സേവനം വർദ്ധിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും വേണ്ട സാധന സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും ഫണ്ട് വകയിരുത്താവുന്നതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ പ്രോജക്ടുകൾ അംഗീകരിച്ച് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട മിനുട്സും, രേഖകളും.

**സി)** പഞ്ചായത്തിന്റെ എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കിയ ആസ്തി രജിസ്റ്റർ.
മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ നിലവിലില്ലെങ്കിൽ മേൽ സർക്കുലർ/സർക്കാർ ഉത്തരവ് പ്രകാരം നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.3/15.11.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-31 ബജറ്റ് രൂപീകരണം - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായാണ് വാർഷിക ബജറ്റ് തയ്യാറാക്കേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച G.O.(Rt)3291/2016/LSGD Dt.2.12.2016 പ്രകാരമുള്ള ബജറ്റ് മാന്വലിലെ നിർദ്ദേശം അനുസരിച്ചാണോ തൻ വർഷത്തെ ബജറ്റ് തയ്യാറാക്കപ്പെട്ടത് എന്ന് പരിശോധിക്കുന്നതിന് താഴെപറയുന്ന രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ രേഖകൾ ഹാജരാക്കിയിട്ടില്ല.

1. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ തലവൻമാർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള നോൺ പ്ലാൻ പ്രൊപ്പോസലുകൾ.

2. സെക്രട്ടറി തയ്യാറാക്കിയ പഞ്ചായത്ത് ഓഫീസിന്റെ നോൺ പ്ലാൻ പ്രൊപ്പോസൽ. Annexure 3&4 പ്രകാരം ഉള്ളത്.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ നോൺ പ്ലാൻ പ്രൊപ്പോസലുകൾ കൺസോളിഡേറ്റഡ് ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത്. Annexure 5.1&5.2 പ്രകാരം ഉള്ളത്.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അന്തിമമാക്കിയ നോൺ പ്ലാൻ പ്രൊപ്പോസലുകൾ

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട്.

മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ നിലവിലില്ലെങ്കിൽ ബജറ്റ് മാന്വലിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.5/16.11.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-32 ഇ ടെണ്ടർ - ടെണ്ടർ ഫീ തിരികെ ലഭ്യമാക്കിയിട്ടില്ല-അക്കൗണ്ട് സൈറ്റിൽ മാപ് ചെയ്ത് ചേർത്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രൊജക്ടുകളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കുന്ന തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഗ്രാമ പഞ്ചായത്തിന് ഓഡിറ്റ് തീയ്യതി വരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും തിരികെ ലഭ്യമാക്കിയിട്ടില്ല.

ജി.ഒ.(എം.എസ്)3186/2017/LSGD തീയ്യതി.2.10.2017 പ്രകാരം എസ്.ബി.ഐ യിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യിൽ അക്കൗണ്ട് ഉള്ളതിനാൽ (നം.67242774095) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അക്കൗണ്ട് ആരംഭിച്ചിട്ടില്ല. എന്നാൽ നിലവിലുള്ള അക്കൗണ്ട് നാളിതുവരെ ഇ ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്ത് ചേർത്തിട്ടില്ല. ആയതിനാൽ നിലവിലും എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിലാണ് ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നത്.
മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നിട്ടും ആയത് പരിഹരിക്കാത്തത് ഓഡിറ്റ് ഗൗരവത്തോടെ വീക്ഷിക്കുന്നു. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ ഉൾപ്പെടേണ്ട വൻ തുക യാതൊരു കാരണവുമില്ലാതെ മുടങ്ങിക്കിടക്കുകയാണ് എന്ന വസ്തുത ഉൾക്കൊണ്ട് അപാകത പരിഹരിക്കേണ്ടതാണ്. വിഷയത്തിലേക്ക് ധനകാര്യ സ്ഥിരം സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 എ.ഇ യുടെ ഓഫീസിലേക്ക് ഇലക്ട്രോണിക് സാധനങ്ങൾ വാങ്ങിയത് - അപാകതകൾ

താഴെകൊടുത്ത പ്രൊജക്ടുകൾ പ്രകാരം എ.ഇ യുടെ ഓഫീസിലേക്ക് താഴെ പട്ടികകളിൽ പറഞ്ഞ ഇലക്ട്രോണിക് സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

I). പ്രൊജക്ട് – അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലേക്ക് യു.പി.എസ് വാങ്ങൽ,.215/23
അടങ്കൽ – ₹1,00,000/-, തനത് ഫണ്ട്
ചെലവ് – ₹98,000/- വൗച്ചർ നമ്പർ 7/20.12.2022
നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

| സാധനം | എണ്ണം | വില (₹) |
|---|---|---|
| HT 1103.T/96V ONLINE UPS, Single Phase Input - Single, Phase Output Online UPS With Isolation Transformer Output, HT 1103 LT/96V, 220904936,,Warranty:2-Year | 1 | 30,510+5,491.80 (GST.9%) |
| BATTERY HYKON TUBULAR 60 AH HYBT 60 A.PHDR3TB 60 1663. PHDS3TB 60 1648, PHDR3TB 60 1647, PHDR3TB 60 1644, PHDR3TB 60 659, PHDR3TB 60 1652, PHDR3TB 60 1643, PHDS3TB 60 1680, Warranty:3-Year | 8 | 47,877.60+13,125.72 (GST.14%) |
| BATTERY STAND HYKON 40AH (4+4) | 1 | 1,690.62+304.32 (GST.9%) |
| **ആകെ** | | **98,000.00** |

ഇത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
1. ഹൈക്കൺ ഇൻഡ്യ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങൽ നടത്തിയിട്ടുള്ളത്. എന്നാൽ മേൽ സാധനങ്ങൾ എപ്രകാരമാണ് വാങ്ങിയത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ആണെങ്കിൽ ബന്ധപ്പെട്ട രേഖകളോ, ജെം ൽ നിന്നും ആണെങ്കിൽ ജെം സാംഗ്ഷൻ, ജെം കോൺട്രാക്ട്, ജെം കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് എന്നിവയോ ഫയലിൽ ഇല്ല.
2. മേൽ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഇൻവോയ്സുകളിൽ സ്റ്റോക്ക് സർട്ടിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

II). പ്രൊജക്ട് – LSGD അസിസ്റ്റന്റ് എഞ്ചിനീയർ വിഭാഗത്തിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ,.59/23
അടങ്കൽ – ₹1,00,000/-, തനത് ഫണ്ട്
ചെലവ് – ₹99,999/- വൗച്ചർ നമ്പർ 3/26.8.2022
നിർവ്വഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

| സാധനം | എണ്ണം | വില (₹) |
|---|---|---|
| Acer Intel Core I3 10105 4 GB/ 1000 GB HDD/ Windows 10 Professional Brand : Acer Brand Type : Regitered Brand 1Catalogue Status:OEM Verified Catalogue Selling ÁS : OEM Verified Reseller Category Name & Quadrant : Desktop Computers (Q2) Veriton M200-H510 HSN Not Specified By Seller | 2 | 99,999 |

ജെം മുഖേനെ കെ.എം.ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.
1. ജി.ഒ.(പി)നം.10/2019/എസ്.പി.ഡി തീയ്യതി 22.8.2019 പ്രകാരം കമ്പ്യൂട്ടറുകൾ CPRCS സിസ്റ്റം മുഖേന വാങ്ങേണ്ടതാണ്. ആയതിന് കാലതാമസം നേരിടുന്നുവെങ്കിൽ ഡെപ്പോസിറ്റ് തുക പിൻവലിച്ച് ജെം മുഖേന വാങ്ങൽ നടത്താവുന്നതാണ് എന്ന് സർക്കാർ നിർദ്ദേശം നിലവിലുണ്ട്. എന്നാൽ ഈ പ്രൊജക്ടിൽ CPRCS സിസ്റ്റം മുഖേന വാങ്ങൽ നടത്തുന്നതിന് നടപടി സ്വീകരിച്ചതായി കണ്ടില്ല.
2. മേൽ സാധനങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ഇൻവോയ്സുകളിൽ സ്റ്റോക്ക് സർട്ടിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചതിനെ തുടർന്ന് സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനക്ക് ഹജരാക്കി. എന്നാൽ മറ്റ് അപാകതകൾ പരിഹരിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. ചെലവ് തുക 98,000+99,999=1,97,999/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.21/20.11.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-34 അസിസ്റ്റന്റ് എഞ്ചിനീയർ TR-7A മാതൃകയിലുള്ള കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല

കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR-7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ TR-7A മാതൃകയിലുള്ള കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. പകരം ഒരു രജിസ്റ്ററിൽ വരവ് ചെലവ് വിവരം എഴുതി സൂക്ഷിക്കുകയാണ് ചെയ്തിട്ടുള്ളത്. ഈ കാഷ്ബുക്കിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് , ട്രഷറി അക്കൗണ്ടുകളിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ ചേർത്തിട്ടില്ല. മാത്രമല്ല ഈ രജിസ്റ്റർ കാലപ്പഴക്കത്താൽ കീറിപ്പറിഞ്ഞ അവസ്ഥയിലുമാണ്.

TR-7A മാതൃകയിലുള്ള കാഷ് ബുക്ക് സൂക്ഷിക്കാതിരുന്നതിനും കാഷ് ബുക്കിൽ വരവ് ചെലവ് വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്താതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.25/20.11.2023. മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-35 അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യിൽ ഉള്ള 00000067242774095 നമ്പർ അക്കൗണ്ടിൽ 31.3.2023 ന് 16,535/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തീയ്യതിക്ക് ശേഷം 21.11.2023 വരെ പ്രസ്തുത അക്കൗണ്ടിൽ ഒരു ഇടപാടും നടന്നിട്ടില്ല. മേൽ പറഞ്ഞ 16,535/- രൂപ അക്കൗണ്ടിൽ നിലവിലും നീക്കിയിരിപ്പുള്ളതായി അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ഈ തുക ഏതിനത്തിലുള്ള തുകയാണെന്ന് വ്യക്തമല്ല. മിനിമം ബാലൻസിൽ അധികമായുള്ള തുക ഏതിനത്തിലുള്ളതാണെന്ന് കണ്ടെത്തി അതത് വകുപ്പ്/കരാറുകാർക്ക് നൽകേണ്ടതാണ്. ആയതിന് സാധ്യമാകാത്ത പക്ഷം പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സബ് ട്രഷറിയിൽ സേവിംഗ് അക്കൗണ്ടിൽ (നം. 799011400003871) 31.03.2023 ന് 39,353/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. ഈ തുക 01.04.2022 മുതൽ അക്കൗണ്ടിൽ നീക്കിയിരിപ്പായി തുടരുന്നുണ്ടെന്നും 20.11.2023 ലും നീക്കിയിരിപ്പിൽ അവശേഷിക്കുന്നുണ്ടെന്നും അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ വരവ് ചെലവ് വിവരം കാഷ്ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ഈ തുകയുടെ വിശദാംശം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. നീക്കിയിരിപ്പ് തുകയുടെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് കണ്ടെത്തി അതത് വകുപ്പ്/ കരാറുകാർക്ക് നൽകേണ്ടതാണ്. ആയതിന് സാധ്യമാകാത്ത പക്ഷം പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ പ്രകാരം കേന്ദ്ര/സംസ്ഥാന സർക്കാറോ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്ന എല്ലാ തരം കോഴ്സകളിലേക്കും യോഗ്യത നേടി പഠനം നടത്തി വരുന്ന പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷങ്ങളിലും നിശ്ചിത നിരക്കിൽ സ്കോളർഷിപ്പ്

നൽകാവുന്നതാണ്. ഇത് പ്രകാരം എഞ്ചിനിയറിംഗ് കോഴ്സിന് പഠിക്കുന്നവർക്ക് 25,000/- രൂപയും ബിരുദം, പോളി ടെക്നിക് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് 20,000/- രൂപയും നൽകാവുന്നതാണ്.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നം. 199/23 - പട്ടികജാതി വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ : ₹16,55,000/- ( വികസന ഫണ്ട്-എസ്.സി.പി)

ചെലവ് : ₹16,55,000/-

(1) ₹14,85,000/- ബിൽ നം. 2215105203330091270O/15.12.22

(2) ₹1,00,000/- ബിൽ നം. 22151052033301356779/15.03.23

(3) ₹70,000/- ബിൽ നം. 22151052033301574127/31.03.23

മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ, ക്രമ നം(1) ബിൽ പ്രകാരമുള്ള ചെലവിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1) കോളേജ് ഓഫ് ഫൈൻ ആർട്സ് കേരള- തിരുവനന്തപുരം-ൽ രണ്ട് വർഷ MFA (Painting) കോഴ്സിന് പഠിക്കുന്ന ശ്രീ. അജയ്. കെ. പി എന്ന വിദ്യാർത്ഥിക്ക് 30,000/- രൂപ അനുവദിച്ചിട്ടുണ്ട്. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം പ്രകാരം ടി വിദ്യാർത്ഥി 2019-2021 കാലയളവിലാണ് ടി കോളേജിൽ പഠിച്ചിട്ടുള്ളത് (നാലാം സെമസ്റ്റർ പരീക്ഷ 2022ലോ അതിന് മുൻപോ നടത്തുന്നതാണ് എന്നും സാക്ഷ്യപത്രത്തിൽ കുറിച്ചിട്ടുണ്ട്). മാർഗ്ഗ രേഖ പ്രകാരം കോഴ്സ് കാലാവധി വരെയുള്ള വർഷങ്ങളിൽ മാത്രമാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത്. എന്നാൽ ഈ വിദ്യാർത്ഥിക്ക് കോഴ്സ് കാലാവധി കഴിഞ്ഞ ശേഷമാണ് തുക അനുവദിച്ചത്. കോഴ്സ് കാലയളവിലല്ലാതെ സ്കോളർഷിപ്പ് അനുവദിച്ചത് സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. ആയതിനാൽ ടി 30,000/- രൂപയുടെ ചെലവ് അംഗീകരിക്കാവുന്നതല്ല.

2) റസിഡൻഷ്യൽ വുമൺസ് പോളിടെക്നിക് കോളേജ്, പയ്യന്നൂർ -ൽ മൂന്നാം സെമസ്റ്റർ കംപ്യൂട്ടർ എഞ്ചിനിയറിംഗ് ഡിപ്ലോമക്ക് പഠിക്കുന്ന അമിഷ കെ. പി. എന്ന വിദ്യാർത്ഥിനിക്ക് 25,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിച്ചത്. മാർഗ്ഗരേഖ പ്രകാരം പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കും ബിരുദ വിദ്യാർത്ഥികൾക്കും 20,000/- രൂപ മാത്രമാണ് അനുവദിക്കാവുന്നത്. 5,000/- രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

3) ഗവ. എഞ്ചിനിയറിംഗ് കോളേജ് വയനാട്-ൽ B.Tech Mechanical Engineering കോഴ്സിന് പഠിക്കുന്ന ശ്രീ. ആകാശ്. വി. ജി എന്ന വിദ്യാർത്ഥിക്ക് 20,000/- രൂപ മാത്രമാണ് സ്കോളർഷിപ്പ് അനുവദിച്ചത്. മാർഗ്ഗ രേഖ പ്രകാരം എഞ്ചിനിയറിംഗ് കോഴ്സിന് പഠിക്കുന്നവർക്ക് 25,000/- രൂപയാണ് അനുവദിക്കേണ്ടത്. 5,000/- രൂപ കുറവായിട്ടാണ് അനുവദിച്ചത്.

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 23/2022-23/20.11.23ന് അസി. സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഖണ്ഡിക പ്രകാരം സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി അധികം നൽകിയ 35,000/- രൂപ (30,000+5,000) തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 99/23 - നെൽകൃഷിയ്ക്ക് പ്രോത്സാഹനം - ഞങ്ങളും കൃഷിയിലേക്ക് | 20,000 | 20,000 | 0 |

| | | | | |
|---|---|---|---|---|
| | 89/23 - പരിരക്ഷ | 19,610 | 19,610 | 0 |
| | 105/23 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 3,79,500 | 3,79,500 | 0 |
| | 53/23 - ലൈഫ് ഭവനപദ്ധതി – എസ്.സി (സ്പിൽ ഓവർ) | 80,000 | 80,000 | 0 |
| | 54/23 - ലൈഫ് ഭവനപദ്ധതി – ജനറൽ (സ്പിൽ ഓവർ) | 4,40,000 | 4,40,000 | 0 |
| | 80/23 - ലൈഫ് ഭവന നിർമ്മാണ പദ്ധതി – എസ്.സി | 3,20,000 | 3,20,000 | 0 |
| | 81/23 - ലൈഫ് ഭവന നിർമ്മാണ പദ്ധതി – ജനറൽ | 6,40,000 | 6,40,000 | 0 |
| | 82/23 - ലൈഫ് ഭവന വാസഭൂമി വാങ്ങൽ – എസ്.സി | 2,25,000 | 2,25,000 | 0 |
| | 83/23 - ലൈഫ് ഭവന വാസഭൂമി വാങ്ങൽ – ജനറൽ | 4,00,000 | 4,00,000 | 0 |
| | **ആകെ** | **25,24,110** | **25,24,110** | **0** |
| ജില്ലാ പഞ്ചായത്ത് | 77/23 - ഹോമിയോ ഡിസ്പെൻസറി കെട്ടിട നിർമ്മാണ പൂർത്തീകരണം | 14,07,436 | 14,07,436 | 0 |
| | 105/23 - ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് | 1,26,500 | 1,26,500 | 0 |
| | 54/23 - ലൈഫ് ഭവനപദ്ധതി – ജനറൽ (സ്പിൽ ഓവർ) | 1,60,000 | 1,60,000 | 0 |
| | 80/23 - ലൈഫ് ഭവന നിർമ്മാണ പദ്ധതി – എസ്.സി | 11,20,000 | 11,20,000 | 0 |
| | 81/23 - ലൈഫ് ഭവന നിർമ്മാണ പദ്ധതി – ജനറൽ | 12,60,000 | 12,60,000 | 0 |
| | 83/23 - ലൈഫ് ഭവന വാസഭൂമി വാങ്ങൽ – ജനറൽ | 4,00,000 | 4,00,000 | 0 |
| | **ആകെ** | **44,73,936** | **44,73,936** | **0** |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | 316/23 - പൈങ്ങോട്ടൂർ മിനി സ്റ്റേഡിയം കുഴൽകിണർ അനുബന്ധ പ്രവർത്തനങ്ങൾ | വൗച്ചർ നമ്പർ : 22201070/22.02.2023 | 2,61,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2,61,000 |
| കെ.എസ്.ഇ.ബി | 224/23 - തോട് തുറക്കൽ കുളം റോഡിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | വൗച്ചർ നമ്പർ : 22200927/11.01.2023 | 60,989 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 60,989 |
| | 304/23 - വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | BRN : 22151052002800961674/27.12.2022 | 4,92,202 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 4,92,202 |
| **ആകെ** | | | **8,14,191** | **0** | **8,14,191** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | ജി.ഒ.(എം.എസ്) നം. 124/2018 LSGD, തിയതി 11.09.2018 | 46,62,667 | 1,11,40,000 | 17,29,500 | 0 | 1,40,73,167 |

കുറിപ്പ് :- വാർഷിക കണക്ക് പ്രകാരം തൻവർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള മുൻബാക്കിയായി രേഖപ്പെടുത്തിയിട്ടുള്ളത് 42,76,415/- രൂപയാണ്. 3,86,252/- രൂപയുടെ കുറവ് തൻവർഷത്തിൽ ജേണൽ എൻട്രി നടത്തി പരിഹരിച്ചിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

എ). സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 1,19,27,264 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 16,21,241 |
| ആകെ (₹) | 1,35,48,505 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 1,35,48,505 |

ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ.

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/ തീയ്യതി |
|---|---|---|
| ചേലേമ്പ്ര സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം | 58,69,627 | 0029140016186/18.06.2019 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 18,50,000 | 401561421000009/18.03.2021 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 34,49,228 | 40186201800013/31.03.2020 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 13,46,593 | 40186141900002/14.11.2019 |
| കേരള ഗ്രാമീണ ബാങ്ക് ചേലേമ്പ്ര ശാഖയിലെ സ്ഥിരനിക്ഷേപം | 10,33,057 | 40156202200179/21.10.2022 |
| **ആകെ** | **1,35,48,505** | |

കുറിപ്പ് :-

1. വാർഷിക കണക്ക് പ്രകാരം വർഷാരംഭത്തിലുള്ള സ്ഥിരനിക്ഷേപങ്ങളുടെ മുൻബാക്കിയായി 1,21,52,380/- രൂപ എന്ന് തെറ്റായാണ് കാണിച്ചിട്ടുള്ളത്. ഈ അപാകത തൻവർഷത്തിൽ ജേണൽ എൻട്രികൾ നടത്തി പരിഹരിച്ചിട്ടുണ്ട്.
2. തൻവർഷം നിക്ഷേപിച്ച തുകയിൽ 10,33,057/- രൂപ പുതിയ സ്ഥിരനിക്ഷേപവും, 5,88,184/- രൂപ സ്ഥിരനിക്ഷേപങ്ങളോട് ചേർത്തിട്ടുള്ള പലിശയുമാണ്. സ്ഥിരനിക്ഷേപങ്ങളോട് ചേർക്കാത്ത പലിശയായി 1,48,355/- രൂപയും തൻവർഷത്തിൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് വരവ് വെച്ചിട്ടുണ്ട്.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആൾ | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-22 | 7,650 | ശ്രീമതി. ലളിത, എൻ, സെക്രട്ടറി-ഇൻ-ചാർജ് | 1220401166/ 01.06.2022 |
| 2021-22 | 1-35 | 6,338 | ശ്രീമതി. സോണി. എം, അസിസ്റ്റന്റ് എഞ്ചിനീയർ | 1220408583/ 14.02.2023 |

| | | | | |
|---|---|---|---|---|
| 2021-22 | 1-35 | 1,768 | ശ്രീമതി. സോണി. എം, അസിസ്റ്റന്റ് എഞ്ചിനീയർ | 1220408584/ 14.02.2023 |
| | ആകെ | 15,756 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് - വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46, 50 | 2003-04 | പൊതു പരാമർശം | 1. ഓഫീസ് കെട്ടിട നിർമ്മാണം<br>2. പാലത്തിങ്ങൽ റോഡ് പുനരുദ്ധാരണം | 25.07.19ലെ നിയമാസഭാ സമിതിക്ക് മുൻപാകെ സമർപ്പിച്ചിട്ടുണ്ട് |
| 2014-15 | 2(2) | 2016-17 | -- | തൊഴിൽ നികുതി 2014-15 | നിലനിൽക്കുന്നു |
| 2011-12, 2012-13 | 3(1) | 2014-15 | പൊതു പരാമർശം | നിഷ്ക്രിയ ആസ്തികൾ അവലോകനം | നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം**

ഇല്ല

**ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിവരം**

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക (₹) | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2002-03 | 3(9) | പി. മാലതി | LF 8465/ Spl.Cell/ SC5/ 08-629/ 11.02.09 | 9,000 +12% പലിശ | | | | | | | 9,000+ 12% പലിശ |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 29,91,21,532 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 28,11,62,697 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 35,000 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 17,80,183 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

| ഖണ്ഡിക നം. | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 35,000 | ശ്രീ. വിനോദ് കുമാർ. ഒ, അസിസ്റ്റന്റ് സെക്രട്ടറി |

| | | | |
|---|---|---|---|
| ആകെ | - | 35,000 | |

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 5,00,000 | ശ്രീ. വിനോദ് കുമാർ. ഒ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 3,52,184 | ശ്രീ. വിനോദ് കുമാർ. ഒ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 30,000 | ശ്രീമതി. ജെസ്സി വർഗ്ഗീസ്. എം, സെക്രട്ടറി |
| 1-24 | 2,00,000 | ശ്രീമതി. ജെസ്സി വർഗ്ഗീസ്. എം, സെക്രട്ടറി |
| 1-25 | 5,00,000 | ശ്രീമതി. ജെസ്സി വർഗ്ഗീസ്. എം, സെക്രട്ടറി |
| 1-33 | 1,97,999 | ശ്രീമതി. സോണി. എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 17,80,183 | |

**ഡി). കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിനോദ് കുമാർ. ഒ, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, പുളിക്കൽ ഗ്രാമപഞ്ചായത്ത്, മലപ്പുറം | വെളുത്തേടത്ത് പറമ്പ് (വീട്), പുളിക്കൽ പി.ഒ. മലപ്പുറം ജില്ല - 673637 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ക്രമ നം | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 2 |
| 2 | 1998-99 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 4 |
| 3 | 1999-00 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 4 | 2000-01 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 5 | 2001-02 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 6 | 2002-03 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 7 | 2005-06 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 3 |
| 8 | 2006-07 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 8 |

| | | | |
|---|---|---|---|
| 9 | 2007-08 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 1 |
| 10 | 2009-10, 2010-11 | കെ.എസ്.എ.എം.പി.എം.6/669/2020 തിയ്യതി 08.09.2020 | 2 |
| 11 | 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.6/3375/2014 തിയ്യതി 15.6.2020 | 7 |
| 12 | 2013-14, 2014-15 | കെ.എസ്.എ.എം.പി.എം.6/2762/2020 തിയ്യതി 15.6.2020 | 4 |
| 13 | 2015-16 | കെ.എസ്.എ എം.പി.എം 6/3334/2016 തിയ്യതി 09.06.2020 | 7 |
| 14 | 2016-17 | കെ.എസ്.എ എം.പി.എം 6/1774/2017 തിയ്യതി 16.07.2020 | 14 |
| 15 | 2017-18 | കെ.എസ്.എ എം.പി.എം6/2126/18 തിയ്യതി 16.09.2019 | 11 |
| 16 | 2018-19 | കെ.എസ്.എ.എം.പി.എം.6/2826/2019 തിയ്യതി 15.07.2020 | 37 |
| 17 | 2019-20 | കെ.എസ്.എ.എം.പി.എം.6/1460/2021 തിയ്യതി 22.09.2022 | 23 |
| 18 | 2020-21 | കെ.എസ്.എ.എം.പി.എം.6/1461/2021 തിയ്യതി 12.10.2021 | 33 |
| 19 | 2021-22 | കെ.എസ്.എ.എം.പി.എം.6/330/2023 തിയ്യതി 31.05.2023 | 27 |

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

എം.എ.12/2023

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 10-07-2023 and submitted on 17-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Chelembra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chelembra Grama Panchayat for the year 2022-2023

**Date: 11/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Chelembra Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Expenditure of Rs. 4,92,202/- deposited in KSEB for deposit work was booked as revenue expenditure instead of capital expenditure.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
   i. Ratios
   ii. Notes on accounts
   iii. Comparative amounts
2. Lapses in making timely demand entries in respect of tax and non-tax revenue.
3. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

4. Directly debited by bank amount not taken into account.
5. Property Tax DCB Register (*Sanchaya*) does not match with annual financial statements.
6. Asset register (*Sachithra*) is not up to date and is not reliable for audit.
7. Appropriation control register for specific purpose grants kept in own fund account is not maintained.

## അനുബന്ധം–2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്